തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

**സോഷ്യോളജി ഗവേഷണ ജേണൽ**

Included in UGC Care List

# സാമൂഹികത വൈജ്ഞാനിക വിചാരങ്ങൾ

ഇഷ്യു എഡിറ്റർ

**ഡോ. കെ.എസ്. ഹക്കിം**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല സോഷ്യോളജി ഗവേഷണജേണൽ സമീക്ഷയുടെ അഞ്ചാം വാല്യമാണിത്. മലയാളഭാഷയിലുള്ള സമൂഹശാസ്ത്രപഠനത്തിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്ന എട്ട് സൈദ്ധാന്തികപഠനങ്ങളാണ് ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫ്രഞ്ച് സമൂഹശാസ്ത്രജ്ഞരായ പിയർ ബോർദ്യു, മിഷെൽ ഫൂക്കോ, അമേരിക്കൻ സാഹിത്യവിമർശകനായ ഫ്രഡറിക് ജയിംസൺ, ബ്രിട്ടീഷ് സാഹിത്യചിന്തകനായ ടെറി ഈഗിൾടൺ, ഫ്രഞ്ച് തത്വചിന്തകരായ ബ്രൂണോ ലത്വെ, പിയറി മാഷറെ, ഹെൻറി ലെഫേബ്വ്, ജർമ്മൻ സമൂഹശാസ്ത്രജ്ഞനായ മാക്സ് വെബെർ, അമേരിക്കൻ സാമൂഹ്യഭാഷാശാസ്ത്രജ്ഞനായ ജോഷ്വാ എ. ഫിഷ്മാൻ, ജമൈക്കൻ സമൂഹശാസ്ത്രജ്ഞനായ സ്റ്റുവർട്ട് ഹാൾ തുടങ്ങിയ ചിന്തകരുടെ ഗവേഷണപ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് മേൽസൂചിപ്പിച്ച പഠനങ്ങൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
അക്ഷരം കാമ്പസ്,
വാക്കാട് പി.ഒ, തിരൂർ,
മലപ്പുറം, കേരളം - 676 502

5

സോഷ്യോളജി ഗവേഷണ ജേണൽ

സാമൂഹികത വൈജ്ഞാനിക വിചാരങ്ങൾ

സമീക്ഷ
വാല്യം 5
2021 – 2022

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

**സോഷ്യോളജി ഗവേഷണ ജേണൽ**

Included in UGC Care List



# സാമൂഹികത വൈജ്ഞാനിക വിചാരങ്ങൾ

ഇഷ്യു എഡിറ്റർ

**ഡോ. കെ.എസ്. ഹക്കിം**

# ഉള്ളടക്കം


**എഡിറ്റോറിയൽ** 04

**ഭാഷയുടെ പ്രതീകാത്മക മൂല്യം:**
**പിയർ ബോർദ്യുവിന്റെ ചിന്തകളിലൂടെ**
പി. അജ്മൽ ഷാജഹാൻ 05–34

**ബ്രൂണോ ലതൊ: സംഭവങ്ങളുടേയും സംയോജനങ്ങളുടേയും**
**സമൂഹശാസ്ത്രപഠനത്തിന് ഒരാമുഖം**
പി. കൃഷ്ണനുണ്ണി 35–48

**കലാരൂപവും സാമൂഹ്യചരിത്രവും :**
**പിയറി മാഷറെ, ഫ്രഡറിക് ജയിംസൺ,**
**ടെറി ഈഗിൾടൺ എന്നിവരുടെ**
**ചിന്താലോകത്തെ മുൻനിർത്തിയുള്ള അവലോകനം**
റഫീക് ഇബ്രാഹിം 49–73

**ഘടനാവാദാനന്തരചിന്തയും മലയാളിയുടെ**
**വിമർശാവബോധവും:**
**ഒരു സമൂഹശാസ്ത്രപഠന വിശകലനം**
കെ. മഞ്ജു 74–93

**മതനൈതികസങ്കല്പങ്ങളും യുക്തിഭദ്രമായ**
**സാമ്പത്തികപ്രമാണങ്ങളുടെ വികാസവും: മാക്സ് വെബെറുടെ**
**ഗവേഷണങ്ങളിലേക്ക് ഒരു പ്രവേശിക**
കെ. എസ്. ഹക്കിം 94–114

**അനുദിനജീവിത പരികല്പനകളും സമൂഹവും :**
**ഹെൻറി ലെഫേബ്വേവിന്റെ ചിന്താപദ്ധതിയെ**
**മുൻനിർത്തിയുള്ള ഒരു അന്വേഷണം**
മാത്യൂ സാം 115 –132

**ഭാഷയുടെ സമൂഹശാസ്ത്രം :**
**ജോഷ്വാ എ. ഫിഷ്മാന്റെ സൈദ്ധാന്തിക-രീതിശാസ്ത്രസമീപനങ്ങൾ**
സി. സെയ്തലവി 133–153

**സംസ്കാരപഠനത്തിന്റെ മലയാളവഴികൾ:**
**സ്റ്റുവർട്ട് ഹാളിന്റെ ചിന്താപദ്ധതികളും സ്കറിയാ സക്കറിയയുടെ**
**വിചാരലോകവും**
രാധാകൃഷ്ണൻ ഇളയിടത്ത് 154–180

**നാമസൂചിക** 181–183
**സാങ്കേതികപദസൂചി** 184–191

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
സോഷ്യോളജി ഗവേഷണ ജേണൽ
സമീക്ഷ
വാല്യം 5
2021 - 2022

# മതനൈതികസങ്കല്പങ്ങളും യുക്തിഭദ്രമായ സാമ്പത്തികപ്രമാണങ്ങളുടെ വികാസവും: മാക്സ് വെബെറുടെ ഗവേഷണങ്ങളിലേക്ക് ഒരു പ്രവേശിക

■ കെ. എസ്. ഹക്കിം *

**സംഗ്രഹം**

ജർമ്മൻ സാമൂഹികശാസ്ത്രജ്ഞനായ മാക്സ് വെബെർ (1864 –1920) ആധുനിക സാമൂഹിക ശാസ്ത്രചിന്തയുടെ വികാസത്തിൽ നിർണായകമായ ചില നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. പാശ്ചാത്യ, പൗരസ്ത്യ ദേശങ്ങളുടെ സാമൂഹിക, സാംസ്കാരിക പ്രക്രിയകളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചരിത്രപരമായ വിശകലനങ്ങളും താരതമ്യപഠനങ്ങളും സമൂഹശാസ്ത്രപഠനചരിത്രത്തിലെ എടുത്തുപറയേണ്ട ശ്രമങ്ങളാണ്. ഹെഗേലിയൻ ആദർശവാദത്തെയും മാർക്സിയൻ ഭൗതികവാദത്തെയും നിരാകരിക്കുന്ന പ്രവണത വെബെറിന്റെ ചിന്താപദ്ധതിയിൽ കാണാൻ കഴിയും. മനുഷ്യസമൂഹങ്ങളുടെയും വിവിധ നാഗരികതകളുടെയും വികാസം മനസ്സിലാക്കുന്നതിന് ചരിത്രപഠനത്തിന്റെ വക്താക്കൾ സ്വീകരിച്ച വ്യത്യസ്തപാതകൾ അടയാളപ്പെടുത്തുന്നതിനുള്ള താൽപ്പര്യത്തിന്റെ തുടർച്ചയെ അദ്ദേഹത്തിന്റെ പഠനങ്ങൾ പ്രതിനിധീകരിക്കുന്നു. വെബെറുടെ മൗലിക രചനകളൊന്നും തന്നെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതായി അറിവില്ല. സമൂഹപഠനത്തിൽ വളരെ ബൃഹത്തായ അന്വേഷണങ്ങൾക്ക് കാരണക്കാരനായ വെബെറുടെ ചിന്താപദ്ധതികൾ മലയാളഭാഷയിൽ അവതരിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഒരു തുടക്കം എന്ന നിലയിലാണ് അദ്ദേഹത്തിന്റെ The Protestant Ethic and the Spirit of Capitalism (1930), The Sociology of Religion (1963), Economy and Society (1968) എന്നീ പ്രാമാണികഗ്രന്ഥങ്ങൾ അവലംബമാക്കി ഈ പ്രബന്ധം രചിച്ചിട്ടുള്ളത്.

## ആമുഖം

ആധുനികകാലത്തെ മുതലാളിത്തസമ്പദ്ഘടനയുടെ ആവിർഭാവവുമായി ബന്ധപ്പെടുത്തി സമൂഹശാസ്ത്രസംബന്ധമായ ഗവേഷണങ്ങളിൽ അടിസ്ഥാനപ്രമാണമായി കണക്കാക്കപ്പെടുന്ന രചനയാണ് മാക്സ് വെബെർ ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ച '*Die protestantische Ethik und der Geist des*

*അസിസ്റ്റന്റ് പ്രൊഫസർ, സോഷ്യോളജി സ്കൂൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ. *kshakim@temu.ac.in, Mob. 9958416456.*

*Kapitalismus'* എന്ന പ്രബന്ധം. ജർമ്മൻ ഭാഷയിലെ ശ്രദ്ധേയമായ പ്രസിദ്ധീകരണം *'Archiv für Sozialwissenschaft und Sozialpolitik'* (Archives for Social Science and Social Policy) എന്ന ഗവേഷണജേണലിന്റെ രണ്ട് വ്യത്യസ്ത ലക്കങ്ങളിലായി 1904–1905 കാലയളവിൽ ഈ പ്രബന്ധം അക്കാദമിക സമൂഹത്തിന് മുൻപിൽ അദ്ദേഹം അവതരിപ്പിച്ചു. 1919–20 കാലഘട്ടത്തിലാണ് മേൽസൂചിപ്പിച്ച പ്രബന്ധം കൃത്യമായ ഗ്രന്ഥസൂചിയും അടിക്കുറിപ്പുകളും നൽകി പരിഷ്കരിച്ച് ഒരു പുസ്തകമായി ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷ 1930–ൽ അമേരിക്കൻ സോഷ്യോളജിസ്റ്റായ ടാൽക്കോട്ട് പാർസൺസ് 'The Protestant Ethic and the Spirit of Capitalism' എന്ന പേരിൽ അവതരിപ്പിച്ചതോടെ വെബെറുടെ ആശയങ്ങൾ കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. 1920 ജൂൺ 14 ന്, തന്റെ അമ്പത്തിയാറാമത്തെ വയസ്സിൽ വെബെർ മരണമടഞ്ഞു. പിന്നീട് അദ്ദേഹത്തിന്റെ ജീവിതപങ്കാളി മരിയാന്നെ വെബെറുടെ ശ്രമഫലമായി, സാമൂഹ്യവ്യവഹാരങ്ങളെയും സമ്പദ്ഘടന യെയും ബന്ധപ്പെടുത്തി വെബെർ എഴുതിയ പ്രബന്ധങ്ങൾ സമാഹരിച്ചു കൊണ്ട് *'Wirtschaft und Gesellschaft'* എന്ന ബൃഹദ്ഗ്രന്ഥം 1920–കളുടെ തുടക്ക ത്തിൽ ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ചു. വർഷങ്ങൾക്ക് ശേഷം 1963–ൽ അമേരിക്കൻ സോഷ്യോളജിസ്റ്റായ എഫ്രൈം ഫിഷോഫ് ഈ ഗ്രന്ഥത്തിലെ *'Gesammelte Aufsätze zur Religionssoziologie'* എന്ന ഭാഗം 'The Sociology of Religion' എന്ന പേരിൽ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയുണ്ടായി. 1968–ലാണ് *'Wirtschaft und Gesellschaft'* എന്ന മൂലകൃതിയെ അവലംബിച്ച് 'Economy and Society'യെന്ന പരിഭാഷാപതിപ്പ് പ്രസിദ്ധീകരിക്കപ്പെടുന്നത്. ഇത് മേൽപരാമർശിച്ച ജർമ്മൻ മൂലകൃതിയുടെ ആദ്യത്തെ സമ്പൂർണ്ണ ഇംഗ്ലീഷ് പരിഭാഷയായി കണക്കാക്കപ്പെടുന്നു. എഫ്രൈം ഫിഷോഫ്, ടാൽക്കോട്ട് പാർസൺസ്, സി. റൈറ്റ് മിൽസ്, ഹാൻസ് ഗേർത്ത്, എ. എം. ഹെന്റേർസൺ, ഫെർഡിനാന്റ് കോലെഗർ, മാക്സ് റെയ്ൻസ്റ്റൈൻ, ഗുന്തർ റോത്ത്, എഡ്വാർഡ് ഷിൽസ്, ക്ലോസ് വിറ്റിച്ച് തുടങ്ങിയ സമൂഹശാസ്ത്രജ്ഞരുടെ ബൗദ്ധികപരിശ്രമം 'Economy and Society' എന്ന ഗ്രന്ഥം തയ്യാറാക്കുന്നതിൽ നിർണ്ണായകമായിരുന്നു. ഗഹനമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ രചനകളെല്ലാം വെബെർ രൂപപ്പെടുത്തിയെടുത്തിട്ടുള്ളത്. മതനൈതികതയും സാമ്പത്തിക ഘടനയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്തുകൊണ്ടുള്ള വിപുലമായ പഠനങ്ങൾ സമൂഹശാസ്ത്രത്തിൽ ഇല്ലാതിരുന്ന ഒരു ഘട്ടത്തി ലാണ് അത്തരമൊരു ശ്രമത്തിന് വെബെർ തന്റെ ഗവേഷണങ്ങളിലൂടെ തുടക്ക മിട്ടത്. മനുഷ്യന്റെ സാമൂഹ്യവ്യവഹാരങ്ങളുടെ വിവിധതലങ്ങളും മതപരമായ പ്രതിബദ്ധതകളും തമ്മിലുള്ള ബന്ധം വിശദീകരിക്കാനുള്ള ശ്രമം വെബെർ തന്റെ രചനകളിലൂടെ നടത്തുന്നതായി കാണാം.

നവീകരണകാലഘട്ടത്തിൽ[1] (the reformation period) കത്തോലിക്കാ സഭയിലുണ്ടായ പിളർപ്പ് പ്രൊട്ടസ്റ്റന്റ് ചിന്തയുടെ മുന്നേറ്റത്തിനു കാരണമായി. എന്നാൽ ഈ വിഭജനം വിശ്വാസത്തിൽ മാത്രമല്ല ഭൗതികലോകത്തെ സംബന്ധിച്ചുതന്നെ വ്യത്യസ്ത കാഴ്ചപ്പാടുള്ള ജനവിഭാഗങ്ങളെ സൃഷ്ടിച്ചു. മതവിശ്വാസങ്ങളിലധിഷ്ഠിതമായ ഈ വീക്ഷണങ്ങൾ എപ്രകാരമാണ് സമ്പത്തിനെ സംബന്ധിച്ചുള്ള ചിന്തകളിലും സമ്പദ്ഘടനയിലും പ്രതിഫലിപ്പി

ക്കപ്പെട്ടത് എന്നാണ് വെബെർ അന്വേഷണവിധേയമാക്കുന്നത്. യുക്ത്യധിഷ്ഠിത ചിന്തകളും, ഭൗതികജീവിതത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രൊട്ടസ്റ്റന്റ് വീക്ഷണങ്ങളും മുതലാളിത്തസമ്പദ്ഘടനയുടെ ആവിർഭാവത്തിന് വഴിയൊരുക്കിയ പ്രധാന ഘടകങ്ങളിലൊന്നാണെന്ന് വെബെർ നിരീക്ഷിക്കുന്നു. പടിഞ്ഞാറൻ യൂറോപ്യൻ ചരിത്രത്തിലെ ഒരു നിർണായക സന്ദർഭമായി അദ്ദേഹം നവീകരണകാലഘട്ടത്തെ വിശദീകരിക്കുന്നുണ്ട്. ഇത് പ്രാഥമികമായി റോമൻ കത്തോലിക്കാസഭയെ നവീകരിക്കാൻ ലക്ഷ്യമിട്ടുള്ള മുന്നേറ്റമായിരുന്നു. യേശുക്രിസ്തുവിനെ തങ്ങളുടെ സംവിധാനങ്ങളുടെ സ്ഥാപകനായി അവരോധിക്കുന്ന മധ്യകാല സാമൂഹ്യസ്ഥാപനമായിരുന്നു റോമൻ കത്തോലിക്കാസഭ. അതുകൊണ്ടുതന്നെ കത്തോലിക്കാസഭയെയും അതിനു കല്പിച്ചു നല്കിയിരുന്ന വിശുദ്ധിയെയും അധികാരത്തെയും ലോകത്തുള്ള എല്ലാ ക്രിസ്ത്യൻ മതവിശ്വാസികളും ബഹുമാനിച്ചിരുന്നു. എന്നാൽ പിന്നീട്, മറ്റ് മധ്യകാലസ്ഥാപനങ്ങളെപ്പോലെ, സഭയ്ക്കകത്തും ഭിന്നതകൾ രൂപപ്പെടുകയും ക്രമേണ സഭയെ അത് ദുർബലമാക്കുകയും ചെയ്തു. മാർപ്പാപ്പമാർ തെറ്റുപറ്റാത്തവരാണെന്ന് സ്വയം കണക്കാക്കി. സമൂഹവും ഭരണകൂടവും തങ്ങളുടെ അധികാരം ചോദ്യംചെയ്യരുതെന്ന നിലവന്നു. പൗരോഹിത്യത്തിനെതിരായ എല്ലാ വിമർശനവും ദൈവദൂഷണമായി കണക്കാക്കപ്പെട്ടു. എന്നാൽ നവീകരണമുന്നേറ്റങ്ങൾ കത്തോലിക്കാ സഭയ്ക്കും പ്രത്യേകിച്ച് മാർപ്പാപ്പയുടെ അധികാരത്തിനും മതപരവും രാഷ്ട്രീയവുമായ വെല്ലുവിളി ഉയർത്തി. ക്രമേണ, കത്തോലിക്കാസഭയുടെ തെറ്റുകൾ, അധികാരദുരുപയോഗങ്ങൾ, പൊരുത്തക്കേടുകൾ ഇതെല്ലാം പൊതുസമൂഹത്തിൽ ചർച്ചചെയ്യപ്പെടാൻ തുടങ്ങി. നവീകരണപ്രവർത്തനങ്ങൾ ലോകത്ത് പ്രൊട്ടസ്റ്റന്റ് ചിന്തകളുടെ വ്യാപനത്തിനും, റോമൻ കത്തോലിക്കാസഭയുടെ പിളർപ്പിനും കാരണമായി. ബൈബിൾ സ്വയം വ്യാഖ്യാനിക്കുന്നതിനും, ബൈബിളിന്റെ അടിസ്ഥാനമായിവർത്തിച്ച സത്യവചനങ്ങൾ ആത്മനിഷ്ഠമായി അറിയുന്നതിനും ഉൾക്കൊള്ളുന്നതിനുമുള്ള സ്വാതന്ത്ര്യം വിശ്വാസികൾക്ക് അനുവദിച്ചുതരണമെന്നുള്ള ആവശ്യവും അതേത്തുടർന്നുള്ള ചർച്ചകളും സംവാദങ്ങളും ക്രിസ്ത്യൻ മതപ്രമാണങ്ങൾക്കകത്ത് പ്രൊട്ടസ്റ്റന്റ് നവീകരണ ശ്രമങ്ങൾക്ക് ആക്കം കൂട്ടി (Olin 1993& MacCulloch 2010).

യൂറോപ്പിലെ മധ്യകാലഘട്ടത്തിന്റെ അവസാനത്തെയും ആധുനികകാലഘട്ടത്തിന്റെ തുടക്കത്തെയും സൂചിപ്പിക്കുന്ന ചരിത്രസന്ദർഭങ്ങളിലൊന്നായി ഇത് കണക്കാക്കപ്പെടുന്നു (MacCulloch 2005). ആത്മീയചിന്തയുടെയും മാനുഷിക വീക്ഷണങ്ങളുടെയും സാംസ്കാരിക ചട്ടക്കൂടുകളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ സംഭവിച്ച ഈ കാലഘട്ടം മനുഷ്യരുടെ സാമ്പത്തികജീവിതത്തിലും ആധുനികസംസ്കാരത്തിന്റെ മറ്റ് വശങ്ങളിലും വലിയ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ടെന്ന് വെബെർ നിരീക്ഷിക്കുന്നു. ഇത്തരം വലിയ ചോദ്യങ്ങളുടെ പശ്ചാത്തലത്തിൽ, ആധുനികസമൂഹത്തിന്റെ എല്ലാ മേഖലകളിലും വർദ്ധിച്ചുവരുന്ന യുക്ത്യധിഷ്ഠിതപുനഃസംഘാടനത്തിന്റെ[2] (rationalization process) തുടർച്ചയായാണ് വെബെർ 'കാൽവിനിസ്റ്റ് സ്വഭാവമുള്ള പ്രൊട്ടസ്റ്റന്റ് വിചാരധാരയെ' വിലയിരുത്തുന്നത്. മതത്തെക്കുറിച്ചുള്ള വെബെറിന്റെ അന്വേഷണങ്ങളുടെ ഒരു ഭാഗം മാത്രമായിരുന്നു ഇത്. ഈ ഗവേഷണത്തിന്റെ

ഫലമായി, അന്വേഷിക്കുന്ന വിഷയത്തിന്റെ കാര്യ-കാരണ ബന്ധം വിശകലനം ചെയ്യുന്നതിന്, മറ്റ് മതങ്ങളെ കൂടെ ചേർത്തുകൊണ്ടുള്ള താരതമ്യപഠനം ആവശ്യമാണെന്ന് വെബെർ മനസ്സിലാക്കി. അതിന്റെ ഭാഗമായി അദ്ദേഹം ലോകത്തിന്റെ മറ്റുഭാഗങ്ങളിലെ വിവിധ മതങ്ങളെ പഠിക്കാൻ ശ്രമിച്ചു. അപ്പോഴെല്ലാം 'സാമ്പത്തികസംഘാടനം' എന്ന ഘടകം ആശ്രിതചരമായും (dependent variable) മനുഷ്യരുടെ വ്യത്യസ്ത മതപരമായ താല്പര്യങ്ങളെ സ്വതന്ത്രചരങ്ങളായും (independent variables) നിലനിർത്തിയാണ് അദ്ദേഹം ഗവേഷണം തുടർന്നത് എന്നു നാം കരുതേണ്ടിയിരിക്കുന്നു. കാൽവിനിസ്റ്റ് ആശയങ്ങളോട് ചേർന്നുനിൽക്കുന്ന പ്രൊട്ടസ്റ്റന്റ് വിശ്വാസം യൂറോപ്പിൽ മുതലാളിത്തത്തിൽ അധിഷ്ഠിതമായിട്ടുള്ള സമ്പദ്ഘടനയ്ക്ക് അടിത്തറ പാകുന്നതിനും വ്യാപിപ്പിക്കുന്നതിനും സഹായകമായിട്ടുണ്ട് എന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്. സാമ്പത്തികപുരോഗതിയെ നിർണ്ണയിച്ച മതപരമായ ഘടകമായി ദൈനംദിന ജീവിത (everyday life) പുരോഗതി ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന പ്രൊട്ടസ്റ്റന്റ് വിശ്വാസസമൂഹത്തെ (inner worldly ascetic) അദ്ദേഹം നോക്കിക്കണ്ടു. മതത്തിന്റെ കേവലാർത്ഥത്തിലുള്ള ആചാരാനുഷ്ഠാനങ്ങളെ മാറ്റിനിർത്തി, ഭൗതിക ജീവിതപുരോഗതി ലക്ഷ്യമിട്ടുകൊണ്ട് മനുഷ്യവ്യവഹാരങ്ങളെ യുക്തിഭദ്രമായി ചിട്ടപ്പെടുത്താനുള്ള പ്രൊട്ടസ്റ്റന്റ് ചിന്താധാരയുടെ താൽപ്പര്യമാണ് വെബെർ തന്റെ വിശകലനങ്ങളിൽ പ്രാഥമികമായി പരിഗണിച്ചത്.

**തിയോഡസിയും മോക്ഷസങ്കല്പവും**

തിന്മയുടെയും അസമത്വങ്ങളുടെയും അസ്തിത്വത്തിന് മുന്നിൽ 'തിയോഡസി' എന്ന താത്വികപ്രശ്നം നിലകൊള്ളുന്നതിനാലാണ് മോക്ഷത്തെ സംബന്ധിച്ച ചിന്ത മനുഷ്യരിൽ ഉണ്ടാകുന്നത് എന്നാണ് വെബെർ നിരീക്ഷിക്കുന്നത്. ദൈവത്തിന്റെ കരുതലിന്റെ ന്യായീകരണം എന്നാണ് 'തിയോഡസി'യുടെ അർത്ഥം. ദൈവത്തിന് സർവശക്തി, സർവജ്ഞാനം, അതീന്ദ്രിയഭാവം എന്നിവയുണ്ടെങ്കിൽ ഈ അസാധാരണ ശക്തിയുമായി ലോകത്തിലെ അപൂർണതകളും കഷ്ടപ്പാടുകളും ദുരിതങ്ങളും എങ്ങനെ പൊരുത്തപ്പെടുന്നു എന്ന ആശങ്കയെ പ്രതിഫലിപ്പിക്കുന്നതാണ് തിയോഡസി. അതുകൊണ്ടുതന്നെ മതങ്ങൾ മുന്നോട്ട് വെക്കുന്ന മോക്ഷമാർഗങ്ങൾ ദൈവശാസ്ത്രത്തിന്റെ പ്രതിസന്ധിയെ അനുരഞ്ജിപ്പിക്കുകയോ പരിഹരിക്കുകയോ ചെയ്യുന്ന തരത്തിലായിരിക്കണം വിഭാവനം ചെയ്യപ്പെടുന്നത്. എന്നാൽ മോക്ഷമാർഗങ്ങൾ അഥവാ രക്ഷയുടെ പാതകൾ ഓരോ വിശ്വാസസംഹിതകളിലും വ്യത്യസ്തമായതുകൊണ്ട് തന്നെ അവയെ വേർതിരിച്ച് അറിയേണ്ടത് അനിവാര്യമാണെന്ന് വെബെർ ചിന്തിക്കുന്നുണ്ട്. തത്ഫലമായി വ്യത്യസ്ത മതങ്ങളിലെ മോക്ഷമാർഗങ്ങൾ വെബെർ തന്റെ അന്വേഷണങ്ങളുടെ ഭാഗമായി പരിശോധിച്ചു (Weber 1963&1968).

വിശ്വാസികളുടെ മോക്ഷവഴികളിൽ ഏറ്റവും പ്രധാനം മിശിഹായുടെ വരവിനുള്ള പ്രതീക്ഷയാണ്. ഇഹലോകത്തിന്റെ ഭാവി, മനുഷ്യർക്ക് അവരുടെ

ഭൗതിക ജീവിതത്തിൽ പലപ്പോഴും അന്യമായിത്തീരുന്ന നീതിയുടെ സാക്ഷാത്കാരം തുടങ്ങിയവയെല്ലാം മിശിഹായുടെ വരവിലൂടെ സംഭവിക്കുമെന്ന് വിശ്വാസികൾ കരുതിപ്പോരുന്നു. അങ്ങനെ ഈ പ്രക്രിയ ഇഹലോകത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ പരിവർത്തനമായി പരിഗണിക്കപ്പെടുന്നു. തന്റെ അനുയായികളെ അവർ അർഹിക്കുന്ന സ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന ശക്തനായ ഒരു രക്ഷകനോ ദൈവമോ ഉണ്ടാകുമെന്നാണ് ഇവിടെ കരുതപ്പെടുന്നത്. മനുഷ്യസമൂഹത്തിൽ ഓരോ തലമുറയുടെയും കഷ്ടപ്പാടുകൾ പൂർവ്വികരുടെ പാപങ്ങളുടെ അനന്തരഫലമാണെന്ന് ഇവിടെ കണക്കാക്കുന്നു. യഥാർഥ വിശ്വാസികളുടെ പിൻഗാമികൾക്ക് മാത്രമേ (അവരുടെ പൂർവ്വികരുടെ ദൈവഭക്തിയുടെയും ഭയത്തിന്റെയും പ്രതിഫലമായി) മിശിഹായുടെ രാജ്യത്ത് പ്രവേശനം നേടാൻ കഴിയൂ എന്നും ഇവിടെ വിശ്വസിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ഇഹലോകജീവിതത്തിൽ ദൈവികകൽപ്പനകൾ മാതൃകാപരവും കർശനവുമായി അനുസരിക്കേണ്ടത് അനിവാര്യമായി വരുന്നു. രക്ഷകന്റെ വരവ് പ്രതീക്ഷിക്കുമ്പോൾ മിശിഹായുടെ രാജ്യത്തിൽ ഉൾപ്പെടാനുള്ള അദമ്യമായ ലക്ഷ്യത്തിനായി വിശ്വാസികൾ പ്രവർത്തിക്കേണ്ടതായി വരുന്നു. എന്നാൽ മിശിഹായുടെ ആഗമനം വൈകുന്നുവെന്ന തോന്നൽ ഉടലെടുത്തപ്പോൾ, 'പരലോകചിന്തയിൽ' ആശ്വാസം തേടേണ്ടത് ഒരു അനിവാര്യതയായി പരിണമിക്കുകയായിരുന്നുവെന്ന് വെബെർ നിരീക്ഷിക്കുന്നു (Weber 1963&1968).

സ്ഥാപനവൽകരിക്കപ്പെട്ട മതവിശ്വാസങ്ങളുടെ ആവിർഭാവത്തിന് വളരെ മുൻപ്, സമൂഹത്തിൽ മാന്ത്രികവിദ്യയ്ക്കും മറ്റും പ്രചാരം ഉള്ള കാലം മുതൽ തന്നെ മനുഷ്യസമൂഹത്തിൽ പരലോകവിശ്വാസം നിലവിലുണ്ട്. പിന്നീട് അത് ആത്മാക്കളിലും അതീന്ദ്രിയ ശക്തികളിലും മറ്റുമുള്ള വിശ്വാസമായി പരിണമിക്കുകയാണ് ഉണ്ടായത്. മരണപ്പെട്ട മനുഷ്യരുടെ ജീവസത്ത മറ്റുജീവജാലങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെടുമെന്ന് കരുതപ്പെട്ടിരുന്നു. ഇവിടെ ഇഹലോകത്തേക്കാളുപരി പരലോകചിന്തകൾക്കാണ് പ്രാധാന്യം. പരലോകപ്രതീക്ഷകൾക്ക് കൂടുതൽ പ്രാധാന്യം കൽപ്പിക്കുന്നതു കൊണ്ടു തന്നെ ഇഹലോകത്തിൽ പ്രകടമാകുന്ന അപൂർണതകളുടെ കാരണവും അതുപോലെ തന്നെ മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ പ്രശ്നവും ചിന്തയുടെ മുൻനിരയിലേക്ക് കടന്നുവരുന്നു. ഒരു മനുഷ്യന്റെ ഇഹലോകജീവിതത്തിലെ പെരുമാറ്റം അവരുടെ മരണാനന്തരജീവിതത്തിലെ വിധിയെ നിശ്ചയിക്കുമെന്ന വാദമാണ് ഈ ചിന്തയുടെ അടിസ്ഥാനം. ഇഹലോകം ശൂന്യതയിൽ നിന്ന് ദൈവം സൃഷ്ടിച്ച ഒന്നായി കരുതപ്പെടുകയും അവിടെയുള്ള മനുഷ്യന്റെ ജീവിതം താൽക്കാലികമാണെന്നും, ദൈവഹിതമനുസരിച്ച് അത് ഉന്മൂലനത്തിന് വിധേയമാവുകയും ചെയ്യുമെന്ന് ഇവിടെ വിശ്വസിക്കപ്പെടുന്നു (Weber 1963&1968).

വിധിവിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ള മോക്ഷചിന്ത എന്ന സങ്കല്പവും മേൽസൂചിപ്പിച്ച ആശയങ്ങളോട് ചേർത്തുവായിക്കേണ്ട കാര്യമാണ്. ഇവിടെ ദൈവത്തിന് സ്വസൃഷ്ടികളുടെ മേലുള്ള അധികാരം പരിധിയില്ലാത്തതാണെന്നും അതിനാൽ മനുഷ്യചിന്തയുടെയും നീതിയുടെയും മാനദണ്ഡങ്ങൾ ദൈവത്തിന്റെ പ്രവൃത്തികൾക്ക് ഒട്ടും ബാധകമല്ലെന്നും

കരുതേണ്ടതായി വരുന്നു. ഈ നിഗമനത്തോടെ മുൻപ് സൂചിപ്പിച്ച തിയോഡസിയുടെ പ്രശ്നം പൂർണ്ണമായും ഇല്ലാതാവുന്നു. അനന്തരം ദൈവത്തിന്റെ പരമാധികാരത്തിന്റെയും സർവ്വശക്തിയുടെയും പേരിൽ മനുഷ്യന്റെ ഇഹലോക ജീവിതവിധി മാത്രമല്ല മരണാനന്തര ജീവിതവിധിയും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്ന് കരുതേണ്ടതായി വരുന്നു. അത്തരമൊരു സാഹചര്യത്തിൽ ഒരു മനുഷ്യന്റെ ഈ ലോകത്തിലെ ധാർമ്മികപെരുമാറ്റം കൊണ്ടുമാത്രം ഇഹലോകത്തിലോ പരലോകത്തിലോ സ്വന്തം സാധ്യതകൾ മെച്ചപ്പെട്ടതാക്കാൻ കഴിയില്ല. അതിനാൽ, ദൈവത്തെ സ്വസൃഷ്ടികളുടെ മേൽ പരമാധികാരിയായി കണക്കാക്കുന്ന പ്രവണതയ്ക്കൊപ്പം, ദൈവപ്രീതിയും സകലചരാചരങ്ങളിലുമുള്ള ദൈവസാന്നിധ്യവും കാണാനും വ്യാഖ്യാനിക്കാനും തിരിച്ചറിയാനുമുള്ള ഓർമപ്പെടുത്തൽ കൂടിയായി ഇത് മാറുന്നു.

ദ്വൈതവാദചിന്തകളും[3] ഇതോട് ചേർത്തുവായിക്കേണ്ട സങ്കല്പമാണ്. സോറോസ്ട്രിയനിസം, ഏഷ്യാമൈനറിലെ ചില മതങ്ങൾ, ബാബിലോണിയൻ മതം (ചില യഹൂദ, ക്രിസ്ത്യൻ സ്വാധീനങ്ങൾ ഇവയിൽ ഉൾക്കൊള്ളുന്നു), മാൻഡേയനിസം[4] എന്നിവയ്ക്ക്മേലുള്ള ദ്വൈതവാദചിന്തകളുടെ സ്വാധീനം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പ്രകാശവും അന്ധകാരവും തമ്മിലുള്ള നൈരന്തര്യവും സംഘർഷവുമായിട്ടാണ് വിധിവിശ്വാസങ്ങളെ ദ്വൈതവാദം വിശദീകരിക്കുന്നത്. ദൈവം സർവശക്തനാണെന്ന വിശ്വാസം ഇവിടെ ഒരു തരത്തിലും പ്രചരിപ്പിക്കപ്പെടുന്നില്ല. ശൂന്യതയിൽനിന്ന് ദൈവം ലോകത്തെ സൃഷ്ടിച്ചിട്ടില്ലെന്നാണ് ഇവിടെയുള്ള വിശ്വാസം. വെളിച്ചം മനുഷ്യന് സമാധാനം നല്കും; ഇരുട്ട് അങ്ങനെയല്ല. പ്രകാശത്തിൽ മനുഷ്യർക്ക് അവരുടെ ചുറ്റിലുള്ളതെല്ലാം ദൃശ്യമാവും; അന്ധകാരം സത്യം മറയ്ക്കും. പ്രകാശവും അന്ധകാരവും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന പോരാട്ടത്തിൽ പ്രകാശത്തിന്റെ അന്തിമവിജയം സുനിശ്ചിതമായി ഇവിടെ കണക്കാക്കപ്പെടുന്നു. ഇരുട്ടിന്റെ, വെളിച്ചത്തിലേക്കുള്ള ക്രമാനുഗതമായ രൂപാന്തരപ്പെടലിനെ അനിവാര്യമായ പ്രക്രിയയായി ഇവിടെ കണക്കാക്കുന്നു. ഇഹലോകത്ത് ദൈവികശക്തികളെപ്പോലെതന്നെ ഉണ്ടെന്ന് കരുതപ്പെടുന്ന പൈശാചിക ശക്തികളെ സംബന്ധിച്ച സൂചനകളാണ് 'പ്രകാശം- അന്ധകാരം' എന്ന ദ്വന്ദ്വത്തിലൂടെ ഇവിടെ ഉയർത്തിക്കൊണ്ടുവരുന്നത് (Weber 1963&1968).

തിയോഡസി എന്ന പ്രശ്നത്തിന് ഏറ്റവും ഉചിതമായ പരിഹാരമായി വെബെർ പരമാർശിക്കുന്നത് ഇന്ത്യൻ ഹൈന്ദവ ചിന്തകൾ മുന്നോട്ടുവെക്കുന്ന 'കർമ്മ' എന്ന ജീവിതചക്രവിശദീകരണം ആണ്. ഈ പ്രപഞ്ചത്തിലെ സർവ ചരാചരങ്ങളും കർമഫലമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന സങ്കല്പം ഇവിടെ നിലനില്ക്കുന്നു. ആത്മാവിന്റെ തുടർച്ചയായ ജീവിതത്തിൽ കർമാധിഷ്ഠിതമായ വിധിപ്രമാണങ്ങൾ വഴി അർഹമായ പ്രതിഫലം ലഭിച്ചേക്കാം. ഒരു വ്യക്തി മുൻകാല ജീവിതത്തിൽ ചെയ്ത സദ്-ദുഷ്പ്രവൃത്തികളുടെ അനന്തരഫലമാണ് പരിമിതമായ ഇഹലോക ജീവിതം എന്ന് ഇവിടെ കരുതപ്പെടുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിൽ ന്യായരഹിതമായ ബുദ്ധിമുട്ടുകൾ വന്നുഭവിക്കുന്നതിനെ മുൻകാല അസ്തിത്വത്തിലെ പാപത്തിനുള്ള ഫലമായി ഇവിടെ കണക്കാക്കപ്പെടുന്നു. ഈ ജീവിതത്തിലെ ധാർമ്മിക യോഗ്യതകൾ സ്വർഗത്തിലെ ജീവിതത്തിലേക്ക് പുനർജന്മം

സാധ്യമാക്കും. ഇവിടെ മനുഷ്യന്റെ വിധിയെ നിശ്ചയിക്കുന്നത് അവരുടെ തന്നെ കർമങ്ങളാണ്. അതുകൊണ്ടുതന്നെ വിധിനിർണയത്തിൽ ദൈവത്തിന്റെ ഇടപെടൽ ഒരുതരത്തിലും സങ്കൽപ്പിക്കപ്പെടുന്നില്ല (Weber 1963&1968).

പുരാതന ഗ്രീസിലെ വിശ്വാസസംഹിതകളിൽ ഉൾപ്പെടുന്ന എലൂസിനിയൻ[5] നിഗൂഢപ്രമാണങ്ങളിൽ (eleusinian mysteries) ആചാരപരമായി ശുദ്ധിയുള്ളവർക്ക് (ആരാധനാക്രമങ്ങൾ കൃത്യമായി പാലിക്കുന്നവരും വ്യക്തിപരമായി മതപരമായ ബാധ്യതകൾ നിറവേറ്റുന്നവരുമാണ് ആചാരപരമായി ശുദ്ധിയുള്ളവരായി പരിഗണിക്കപ്പെടുന്നത്) ഇഹലോകത്തിൽ തന്നെ സമ്പത്തും ഭൗതികസൗഭാഗ്യങ്ങളും വാഗ്ദാനം ചെയ്യപ്പെടുന്നുണ്ട്. ഇവിടെ പരലോകചിന്ത അശേഷം ഇല്ല എന്നു തന്നെ പറയാം. പുരാതന ചൈനയിൽ കൺഫ്യൂഷനിസം പോലുള്ള മതനൈതികപ്രമാണങ്ങളിൽ മോക്ഷത്തിന്റെ ആവശ്യകതയെ സംബന്ധിച്ച ഒരു വിശദീകരണവുമില്ലെന്ന് വെബെർ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ, ബുദ്ധിസം പോലുള്ള മതങ്ങൾ പൂർണമായും മോക്ഷചിന്തയിൽ അധിഷ്ഠിതമായി നിലകൊള്ളുന്നവയാണെന്നും വെബെർ വിലയിരുത്തുന്നു (Weber 1963&1968).

ആചാരാനുഷ്ഠാനങ്ങൾ കൃത്യമായി പിന്തുടരുന്നതിലൂടെ മോക്ഷം കൈവരിക്കാമെന്ന് കരുതുന്ന മറ്റുചില വിശ്വാസപ്രമാണങ്ങളും വെബെർ തന്റെ പഠനത്തിൽ പരാമർശിക്കുന്നുണ്ട്. ആചാരാനുഷ്ഠാനങ്ങളാൽ പ്രേരിതമായ മോക്ഷസങ്കല്പത്തിന്റെ കാര്യത്തിൽ നൈരന്തര്യത്തിന്റെ പ്രശ്നം വെബെർ ഉന്നയിക്കുന്നുണ്ട്. ആചാരാനുഷ്ഠാനങ്ങൾ ഇടവേളകളിൽ സംഭവിക്കുന്ന കാര്യമായതുകൊണ്ടുതന്നെ (occasional devotion) ഇക്കാര്യങ്ങളിൽ ഒരു വ്യക്തി പലപ്പോഴും കാഴ്ചക്കാരന്റെ തലത്തിലേക്ക് ചുരുക്കപ്പെടുന്നു. അതുകൊണ്ടു തന്നെ അവ പെരുമാറ്റത്തിലും കാഴ്ചപ്പാടുകളിലും താരതമ്യേന നിസ്സാരമായ സ്വാധീനമേ ചെലുത്തുകയുള്ളൂവെന്ന സന്ദേഹമാണ് ഇവിടെ വെബെർ ഉന്നയിക്കുന്നത്.

ഹിന്ദുമതവും മറ്റു ചില പൗരസ്ത്യമതചിന്തകളും അനുദിന ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്ന തരത്തിൽ ആചാരാനുഷ്ഠാനങ്ങൾക്ക് ഊന്നൽ നല്കാനുള്ള പ്രവണത കാണിക്കുന്നു എന്ന നിരീക്ഷണവും അദ്ദേഹം നടത്തുന്നുണ്ട്. എന്നാൽ, ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നത് ആത്യന്തികമായി യുക്തിസഹമായ പ്രവർത്തനങ്ങളിൽ നിന്ന് അകന്നുപോകാൻ കാരണമാകുമെന്നും ഇത് ദൈനംദിന ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ നിന്നും മനുഷ്യനെ വ്യതിചലിപ്പിക്കാമെന്നും അദ്ദേഹം നിരീക്ഷിക്കുന്നു.

ആരാധനക്രമങ്ങൾക്ക് പിന്നിലെ ലക്ഷ്യം പാപബോധത്തിൽനിന്ന് മനുഷ്യന് ആശ്വാസം പ്രദാനം ചെയ്യുക എന്നുള്ളതും, ദൈവസന്നിധിയായി കരുതപ്പെടുന്ന ഇടങ്ങളിൽ സംഘടിപ്പിക്കുന്ന കൂദാശപോലുള്ള ദിവ്യകർമങ്ങളുടെ കൃപയിൽ പങ്കുകാരാക്കുക എന്നുള്ളതുമാണ്. എന്നാൽ കൂദാശ പോലുള്ള കർമങ്ങളെ ദൈവസന്നിധിയിൽ ധാർമ്മികമായി ശുദ്ധീകരിക്കപ്പെട്ടവർക്ക് മാത്രമേ മോക്ഷം പ്രദാനം ചെയ്യപ്പെടുകയുള്ളൂ എന്ന ധാരണയുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന് മറ്റൊരു ഫലമുണ്ട്. പ്രൊട്ടസ്റ്റന്റി

സത്തിലെന്നപോലെ ദൈനംദിന പെരുമാറ്റത്തിൽ ഇതിന് ശക്തമായ സ്വാധീനം ചെലുത്താൻ കഴിയുമെന്ന് വെബെർ സൂചിപ്പിക്കുന്നുണ്ട്. കൂദാശ പോലുള്ള കർമങ്ങളിൽ അവയോട് ചേർത്തുവായിക്കുന്ന 'മാന്ത്രിക-താന്ത്രികഭാവം' പൂർണ്ണമായും നീക്കം ചെയ്യപ്പെടുമ്പോൾ അതിലടങ്ങിയിട്ടുള്ള നിഗൂഢസ്വഭാവം ഇല്ലാതാവുകയും തത്ഫലമായി ഇത്തരം കർമ്മങ്ങൾക്ക് കൃത്യമായി വിശ്വാസികളുടെ ജീവിതത്തിൽ ധാർമ്മികപ്രഭാവം ചെലുത്താനുള്ള പ്രേരണയുണ്ടാക്കാനുള്ള ശേഷി കൈവരുമെന്ന് വെബെർ അഭിപ്രായപ്പെടുന്നുണ്ട്. പ്യൂരിറ്റൻ[6] വിശ്വാസപ്രമാണങ്ങൾ മേൽപ്പറഞ്ഞതിന് മികച്ച ഉദാഹരണമാണ്. അവിടെ പാപമോചനത്തിനുള്ള കേന്ദ്രസ്രോതസ്സുകളൊന്നുമില്ല. അതുപോലെ തന്നെ കൂദാശ പോലുള്ള കർമങ്ങൾക്ക് മാന്ത്രികമോ താന്ത്രികമോ നിഗൂഢമോ ആയ മറ്റു മാനങ്ങൾ ഒന്നും തന്നെ പ്യൂരിറ്റാനിസത്തിൽ കല്പിച്ചു നൽകുന്നില്ല. പ്രായോഗിക വീക്ഷണകോണിൽ ചിന്തിക്കുമ്പോൾ ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം മനുഷ്യപെരുമാറ്റസംബന്ധിയായ കാര്യങ്ങളിൽ, പ്രത്യേകിച്ച് ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അപ്പുറത്തുള്ള അനുദിനജീവിത ഗതിവിഗതികളെയാണ് നിയന്ത്രിക്കാൻ ശ്രമിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിയും.

**മാർട്ടിൻ ലൂഥറിന്റെ ആശയങ്ങൾ**

പതിനാറാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ കാരണഭൂതന്മാരിൽ ഒരാളാണ് ജർമ്മൻ ദൈവശാസ്ത്രജ്ഞനും മതപരിഷ്കർത്താവുമായ മാർട്ടിൻ ലൂഥർ[7] (1483–1546). അദ്ദേഹത്തിന്റെ ദൈവികവിളി എന്ന സങ്കല്പം (the concept of calling) വിശദീകരിക്കാൻ തന്റെ പഠനത്തിലെ ഒരു പൂർണ അദ്ധ്യായം തന്നെ വെബെർ മാറ്റിവെച്ചതായി കാണാം (Weber 2001:39-50). ലൂഥർ തന്റെ എഴുത്തുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ക്രിസ്ത്യൻ വിശ്വാസത്തിന്റെ പല അടിസ്ഥാന തത്വങ്ങളും പുനഃക്രമീകരിച്ച് അവതരിപ്പിക്കുകയും അത് കത്തോലിക്കാമതത്തിനും പുതിയ പ്രൊട്ടസ്റ്റന്റ് പാരമ്പര്യങ്ങൾക്കുമിടയിൽ പാശ്ചാത്യ ക്രൈസ്തവലോകത്തെ വിഭജിക്കുന്നതിന് കാരണമാവുകയും ചെയ്തു. 1520–ൽ മാർട്ടിൻ ലൂഥർ രചിച്ച 'Concerning Christian Liberty' എന്ന ഗ്രന്ഥത്തിൽ (1910: 363) അദ്ദേഹം ഉയർത്തിയ വാദത്തിന്റെ സത്തയെ ഇങ്ങനെ ക്രോഡീകരിക്കാം: 'ഒരു ക്രിസ്ത്യൻ വിശ്വാസി ഈ ഭൂമിയിൽ സ്വതന്ത്രനും ആർക്കും വിധേയമല്ലാത്തവനുമാണ്; അതേസമയം മറ്റെല്ലാവരെക്കാളും അവൻ തന്റെ കടമകളെകുറിച്ച് സ്വയം ബോധ്യമുള്ളവനും സമൂഹത്തിലെ മറ്റുള്ളവർക്ക് വിധേയനായ ഒരു ദാസനും കൂടിയാണ്'. ഈ വാചകങ്ങൾ മനുഷ്യന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ലൂഥറുടെ കാഴ്ചപ്പാട് കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. ബൈബിൾപ്രമാണങ്ങളുടെ സ്വതന്ത്ര വ്യാഖ്യാനസാധ്യതകളാണ്, കത്തോലിക്കാസഭാശ്രേണിയിൽ നിന്ന് വ്യതിചലിച്ച്, മതനൈതികത സംബന്ധിച്ച പുതിയ ചിന്തകൾ അവതരിപ്പിക്കുന്നതിന് അദ്ദേഹത്തിന് പ്രചോദനമായത്. ലൂഥറുടെ ചിന്തകളിൽ ബൈബിൾ വ്യാഖ്യാനവുമായി അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്ന ആത്മനിഷ്ഠത നമുക്ക് കാണാം. അച്ചടിയന്ത്രത്തിന്റെ കണ്ടുപിടുത്തവും[8] അച്ചടിയുടെ

വ്യാപനവും ഇത്തരം പ്രമാണങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തുന്നതിനും തത്ഫലമായി കൂടുതൽ വ്യാഖ്യാനങ്ങൾ ഉണ്ടാകുന്നതിനും കാരണമായി. ബൈബിളിന്റെ ആത്മാവാചിയായ വ്യാഖ്യാനങ്ങൾ പ്രൊട്ടസ്റ്റന്റ് മതത്തിന് എപ്പോഴും ശക്തമായ അടിത്തറ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ബൈബിൾ വ്യാഖ്യാനിക്കുന്നതിൽ സഭക്കും പൗരോഹിത്യത്തിനുമുള്ള മേൽക്കൈ ഇല്ലാതാകുന്നമുറയ്ക്ക് വ്യക്തികൾ കൂടുതൽ കർക്കശമായി തിരുവെഴുത്തുകളുടെ അടിസ്ഥാനസത്യത്തെ മുറുകെപിടിക്കുമെന്ന് ലൂഥർ പ്രതീക്ഷിച്ചു.

ലൂഥറിന്റെ കാഴ്ചപ്പാടിൽ എല്ലാ സാഹചര്യങ്ങളിലും ലൗകിക കർത്തവ്യങ്ങൾ നിറവേറ്റുക എന്നതാണ് ദൈവത്തിന് സ്വീകാര്യമായ ജീവിതത്തിനുള്ള ഏകമാർഗം. ദൈവികവിളി ലഭിച്ചവർക്ക് മാത്രമേ ഈ ലോകത്ത് മെച്ചപ്പെട്ട ലൗകിക ജീവിതം വാഗ്ദാനം ചെയ്യപ്പെടുന്നുള്ളൂ എന്ന ചിന്തയാണ് ഇവിടെ അടിസ്ഥാനം. വ്യക്തിയുടെ പരമോന്നത ധാർമ്മിക ബാധ്യത ലൗകിക കാര്യങ്ങളിൽ തന്റെ കടമ നിറവേറ്റുക എന്നതായിരുന്നു. കത്തോലിക്കാ മതത്തിന്റെ സന്യാസജീവിതം ആത്മീയ ഉള്ളടക്കത്തിൽ മാത്രം അധിഷ്ഠിതമാണെന്നും അതിനാൽതന്നെ ലൗകിക ജീവിത കർത്തവ്യങ്ങളോട് ചേർത്തു വായിക്കുമ്പോൾ അത് മൂല്യരഹിതമാണെന്നും ലൂഥർ വ്യാഖ്യാനിച്ചു. എന്നാൽ ദൈവികവിളിയുടെ അനന്തരഫലം മുതലാളിത്തത്തിന്റെ ഉല്പാദന ക്രമത്തിന്റെ വളർച്ചയാണെന്ന യാഥാർഥ്യം ലൂഥർ അംഗീകരിക്കുന്നതിൽ വിമുഖത പ്രകടിപ്പിച്ചുവെന്ന വിമർശനവും വെബെർ ഉയർത്തുന്നുണ്ട്. ആവശ്യങ്ങൾക്കപ്പുറമുള്ള ഭൗതിക നേട്ടങ്ങൾ തേടുന്നത് ദൈവകൃപയുടെ അഭാവത്തിന്റെ ലക്ഷണമായി ലൂഥർ വ്യാഖ്യാനിക്കുന്നത് അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ചില തലങ്ങളിൽ പരമ്പരാഗതമായിരുന്നു എന്നതിന്റെ ദൃഷ്ടാന്തമായി വെബെർ ചൂണ്ടിക്കാണിക്കുന്നുണ്ട് (Weber 2001).

### അസറ്റിസിസവും മിസ്റ്റിസിസവും

നിരവധി പരിണാമങ്ങൾക്ക് വിധേയമായി, പ്രധാനമായും രണ്ട് കൈവഴികളിലൂടെയാണ് സമൂഹത്തിൽ മതങ്ങൾ രൂപപ്പെട്ടുവന്നതെന്ന് വെബെർ വാദിക്കുന്നു. ഇംഗ്ലീഷ്ഭാഷയിൽ *അസറ്റിസിസം*, *മിസ്റ്റിസിസം* എന്നീ സംജ്ഞകളിൽ അറിയപ്പെടുന്ന ഈ സങ്കല്പനങ്ങളെയാണ് തന്റെ പഠനത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ അദ്ദേഹം വിശദീകരിക്കുന്നത്. മോക്ഷത്തിലേക്ക് നയിക്കുന്ന പരിപ്രേക്ഷ്യങ്ങളിലെ രണ്ട് പാതകളാണിവ. ഇതിൽ യുക്തിസഹമായ അറിവും വൈദഗ്ധ്യവും അസറ്റിക് താല്പര്യങ്ങളും ഒരു വശത്തും മിസ്റ്റിക് അനുഭവങ്ങൾ മറുവശത്തും അടയാളപ്പെടുത്തിയിരിക്കുന്നു. ദൈവം തന്റെ സൃഷ്ടികളുടെ വ്യവഹാരങ്ങളെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നതിനാൽ മനുഷ്യന്റെ പെരുമാറ്റം നൈതികബോധത്തെ അടിസ്ഥാനപ്പെടുത്തിയാവണമെന്നു കരുതുന്ന മോക്ഷപരികല്പനയെ അസറ്റിസിസം എന്ന് വിളിക്കുന്നു. ദൈവത്തിന്റെ കൽപ്പനകൾ പാലിക്കുന്നതിലൂടെ ദൈവകൃപയുടെ നേട്ടങ്ങൾ മനുഷ്യനിലെത്തും എന്ന വിശ്വാസം ഇതിന്റെ ഭാഗമാണ്. ഈ വിശ്വാസത്താൽ പ്രചോദിതമായ യുക്തിസഹമായ

ചിന്തയിലാണ് അസറ്റിസിസം നിലകൊള്ളുന്നത്. എന്നാൽ ദൈവവുമായും ദൈവികമായ കാര്യങ്ങളുമായും നേരിട്ടുള്ള സമ്പർക്കം സാധ്യമാണെന്നുള്ള ചിന്തയിൽ പ്രചോദിതമായ വൈകാരിക അനുഭവങ്ങളിൽ അധിഷ്ഠിതമാണ് മിസ്റ്റിസിസം. അസറ്റിസിസം യുക്തിപരമായ മൂല്യപ്രേരണകളാൽ നയിക്കപ്പെടുന്നുവെന്നും മിസ്റ്റിസിസം വൈകാരിക പ്രേരണകളാൽ നയിക്കപ്പെടുന്നുവെന്നും സാരം. അതായത്, ആദ്യത്തേത് വിശ്വാസം, പെരുമാറ്റം, ധാർമ്മികത എന്നിവയാൽ പ്രചോദിപ്പിക്കപ്പെട്ടതാണ്. രണ്ടാമത്തേത് വികാരങ്ങൾ, അനുഭവങ്ങൾ എന്നിവയാൽ പ്രചോദിപ്പിക്കപ്പെട്ടതാണ്. ഈ വിഭജനയുക്തിയിലാണ് വെബെർ തന്റെ പഠനം മുന്നോട്ടു കൊണ്ടുപോകുന്നത് (Weber 1963&1968).

മതപരമായ ദിശാബോധത്തിന്റെ പൊതുസ്വഭാവം അടിസ്ഥാനമാക്കിയുള്ള വെബെറുടെ വർഗീകരണമനുസരിച്ച് ഈ വ്യത്യസ്ത ചിന്താധാരകളെ വീണ്ടും രണ്ടായി വിഭജിക്കാം: ആന്തരികലോകചിന്തകളെ (inner-worldly) അടിസ്ഥാനമാക്കിയുള്ള സമീപനവും പരലോകചിന്തകളെ (other-worldly) അടിസ്ഥാനമാക്കിയുള്ള സമീപനവും. വ്യക്തിയുടെ ആന്തരിക ലോകത്തെയല്ല മറിച്ച് ഭൗതിക ലോകത്തെക്കുറിച്ചുള്ള സമീപനമാണ് ആന്തരികലോകചിന്ത എന്നതു കൊണ്ട് യഥാർത്ഥത്തിൽ ഇവിടെ അർത്ഥമാക്കുന്നത് (Weber 1963&1968). അതേസമയം, പരലോകത്തെ മുൻനിർത്തിയുള്ള ഇടപെടലുകളിൽ വിവിധ രൂപത്തിലുള്ള സ്വകാര്യവിചാരങ്ങൾ ഉൾപ്പെടുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആന്തരികലോകചിന്തയെന്ന സങ്കല്പം ഭൗതിക സാമൂഹിക ലോകവുമായി വ്യക്തി ഇടപഴകുന്നതിനെ സൂചിപ്പിക്കുന്നു. എന്നാൽ ഭൗതികലോകവുമായി ഇടപഴകുന്നതിൽ നിന്ന് സ്വയം പരിമിതപ്പെടുത്തി സാമൂഹിക ജീവിതയാഥാർത്ഥ്യങ്ങളിൽനിന്ന് മാറിനിൽക്കുന്ന പ്രവണതയെ പരലോകതാല്പര്യവുമായി ബന്ധിപ്പിച്ചാണ് വെബെർ വിശദീകരിക്കുന്നത്.

**മതപരമായ ദിശാബോധത്തിന്റെ പൊതുസ്വഭാവമനുസരിച്ചുള്ള വെബെറുടെ വർഗീകരണം**

| *Typology* | **Mystical** | **Ascetical** |
|---|---|---|
| **Inner Worldly** | Inner Worldly Mystical | Inner Worldly Ascetical |
| **Other Worldly** | Other Worldly Mystical | Other Worldly Ascetical |

Source : (Weber 1963,1968 & 2001)

അസറ്റിസിസത്തിനെ മുൻനിർത്തി എങ്ങനെയാണ് ഈ ആശയങ്ങളെ വെബെർ വിശദീകരിക്കുന്നതെന്നു നോക്കാം. പരലോകചിന്തയിൽ അധിഷ്ഠിതമായ മോക്ഷസങ്കല്പത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഇഹലോകസുഖലോലുപതകളിൽ നിന്നുള്ള മാനസികവും ശാരീരികവുമായ പിന്മാറ്റത്തിന് കാരണമായേക്കാം. ഇതാണ് 'ഇഹലോകസുഖലോലുപതകളെ നിരസിക്കുന്ന ജീവിതദർശനം' (other worldly asceticism) എന്ന സംജ്ഞയിലൂടെ വെബെർ വിശദീകരിക്കുന്നത്. മറുവശത്ത്, ദൈവവഴിയിൽ സഞ്ചരിക്കുമ്പോഴും

അതിനു സമാന്തരമായി ഇഹലോക യാഥാർഥ്യങ്ങളോട് സംവദിക്കാനും പങ്കുപറ്റാനും താല്പര്യം വളർത്തുന്ന ജീവിതദർശനവും കടന്നുവരുന്നുണ്ട്. ഈ മോക്ഷപരികല്പനയെ 'ലൗകികജീവിതത്തിന് അനുകൂലമായ ദർശനം' (inner worldly asceticism) എന്ന സംജ്ഞയിലൂടെ വെബെർ വ്യാഖ്യാനിക്കുന്നു.

മേൽസൂചിപ്പിച്ച താല്പര്യങ്ങൾ ഏറിയും കുറഞ്ഞും ലോകത്തിലെ വ്യത്യസ്ത മതവിശ്വാസങ്ങളിൽ അടങ്ങിയിട്ടുണ്ടെന്നും അവയിൽ ലൗകികജീവിതത്തിന് അനുകൂലമായ ദർശനം (inner worldly asceticism) മാത്രമാണ് കൂടുതൽ ചലനാത്മകമെന്നും അതാണ് മുതലാളിത്ത സാമ്പത്തിക ക്രമത്തിന്റെ സത്തയെ/ആത്മാവിനെ[9] രൂപപ്പെടുത്തുന്നതിൽ നിർണായക മായതെന്നും വെബെർ വാദിച്ചു. ഈ സങ്കല്പം ഇഹലോകജീവിതം യുക്തിഭദ്രമായി കൈകാര്യം ചെയ്യേണ്ടത് മനുഷ്യന്റെ ഉത്തരവാദിത്തമായി അവതരിപ്പിച്ചു. ഈ ചിന്താധാരയിൽ വിശ്വസിക്കുന്ന മനുഷ്യർ അവരുടെ കർമ്മമണ്ഡലത്തിൽ വിജയം കൈവരിക്കുകയാണെങ്കിൽ അത് വിശ്വാസിയായ മനുഷ്യന്റെ അദ്ധ്വാനത്തിന്മേലുള്ള ദൈവത്തിന്റെ അനുഗ്രഹമായും അവർ പിന്തുടർന്നു പോരുന്ന സാമ്പത്തികപ്രമാണങ്ങൾക്ക് മേലുള്ള ദൈവപ്രീതി യുടെ അടയാളമായും കണക്കാക്കപ്പെടുന്നു. യുക്തിസഹമായ ലൗകിക ജീവിതവീക്ഷണം വെച്ചുപുലർത്തുന്ന മനുഷ്യന്റെ ജീവിതം ക്രമപ്പെട്ടുവരുന്ന തിൽ അവരുടെ നിത്യജീവിതത്തിലെ ഇടപെടലുകളുടെയും പെരുമാറ്റത്തി ന്റെയും കൃത്യമായ നിയന്ത്രണം നിർണായകമാണ്. ഇത് യുക്തിസഹമായ ലൗകിക ജീവിതവീക്ഷണം ആന്തരികലോകചിന്തയായി കൊണ്ടുനടക്കുന്ന ജനവിഭാഗങ്ങളിൽ കണ്ടുവരുന്നുന്നതായി വെബെർ നിരീക്ഷിക്കുന്നു.

അസറ്റിസിസത്തിന്റെ മേൽപ്പറഞ്ഞ വർഗീകരണത്തിന് സമാനമായി മിസ്റ്റിസിസത്തെയും ആന്തരികലോകചിന്തയുമായും (inner worldly mysticism) പരലോകചിന്തയുമായും (other worldly mysticism) ബന്ധപ്പെടുത്തി വർഗീകരി ക്കുന്നു. മതപരമായ ആഭിമുഖ്യങ്ങളെക്കുറിച്ചുള്ള തന്റെ ചർച്ചകളിലുടനീളം വെബെർ മേൽസൂചിപ്പിച്ച നാല് തരങ്ങളെയും പരാമർശിക്കുന്നുണ്ടെങ്കിലും, ആന്തരികലോകപരമായ മിസ്റ്റിസിസത്തെക്കുറിച്ച് അദ്ദേഹം കൂടുതലൊന്നും വിശദീകരിക്കുന്നില്ല. മതങ്ങളെ സംബന്ധിച്ച തന്റെ അന്വേഷണങ്ങളിൽ പൂർണമായും മിസ്റ്റിസിസത്തിന്റെ യുക്തിരഹിതമായ നിഷ്ക്രിയത്വത്തിൽ നിന്ന് വ്യത്യസ്തമായി അസറ്റിസിസത്തിന്റെ യുക്തിസഹമായ പ്രവർത്തനത്തെ വെബെർ അനുകൂലിക്കുന്നതായി കാണാം (Weber 1963&1968). എന്നിരുന്നാലും, ലോകത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള പ്രദേശങ്ങളിലെ, മിസ്റ്റിസിസത്തിൽ അധിഷ്ഠിതമായി വളർന്നുവരുന്ന മതപ്രമാണങ്ങളെ വിശദീകരിക്കാനും വെബെർ ശ്രദ്ധിച്ചിട്ടുണ്ട്.

'ലൗകികജീവിതദർശനങ്ങളോട് അനുകൂലമായ ആന്തരികലോകചിന്ത കൊണ്ടുനടക്കുന്ന' അതായത് ആന്തരികലോക അസറ്റിസിസത്തിനോട് അടുപ്പം പ്രകടിപ്പിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതവീക്ഷണവും നൈതികബോധവും യുക്തിസഹമായ പ്രവർത്തനങ്ങളും സാമ്പത്തിക യുക്തിയും മുതലാളിത്ത വ്യവസ്ഥയുടെ വളർച്ചയ്ക്ക് അനുകൂലമായ

സാഹചര്യമൊരുക്കി എന്ന വസ്തുത സ്ഥാപിച്ച ശേഷം വെബെർ ആധുനിക മുതലാളിത്തത്തിന്റെ വികാസത്തിന് പ്രൊട്ടസ്റ്റന്റിസത്തിന്റെ നൈതിക വീക്ഷണങ്ങൾ നിർണായകമായത് എങ്ങനെയാണെന്ന് വിശദീകരിക്കാൻ ശ്രമിക്കുന്നു.

**മുതലാളിത്ത ഉല്പാദനപ്രക്രിയയുടെ വളർച്ച**

ആധുനികമുതലാളിത്തത്തിന്റെ സവിശേഷതകൾ വിശദീകരിച്ചു കൊണ്ടാണ് വെബെർ തന്റെ സൈദ്ധാന്തിക വിചാരങ്ങൾ ആരംഭിക്കുന്നത്. മുതലാളിത്തത്തോടുള്ള അഭിനിവേശം ഏതെങ്കിലും വ്യക്തിപരമായ ഇടപെടലുകളുമായി ബന്ധപ്പെടുത്തി നിർവചിക്കാൻ പ്രയാസമാണെന്ന് വെബെർ തന്റെ പഠനത്തിന്റെ തുടക്കം മുതൽ സൂചിപ്പിക്കുന്നുണ്ട്. കൂടുതൽ സമ്പത്ത് നേടണമെന്ന താല്പര്യം ഏതാനും ചില വ്യക്തികളിൽ ഉണ്ടായതുകൊണ്ടു മാത്രം മുതലാളിത്ത ഉല്പാദനപ്രക്രിയ ഒരു സമൂഹത്തിൽ വ്യാപിക്കപ്പെടുമെന്ന് വെബെർ വിശ്വസിക്കുന്നില്ല. വ്യാപാരം, വായ്പ ഇടപാടുകൾ, ഊഹക്കച്ചവടം, ചില്ലറവ്യാപാരം തുടങ്ങിയവ പാശ്ചാത്യരുടെ മാത്രം പ്രത്യേകതയായിരുന്നില്ല. പുരാതന ഈജിപ്ത്, ചൈന, ഇന്ത്യ എന്നീ സമൂഹങ്ങളിലും സമ്പത്തിനോടുള്ള മമത നിലനിന്നിരുന്നുവെന്നും എന്നാൽ ഇവിടങ്ങളിലൊന്നും അക്കാലങ്ങളിൽ മുതലാളിത്തത്തിന് വളർച്ച പ്രാപിക്കാനാവശ്യമായ സാഹചര്യങ്ങൾ അനുകൂലമായില്ലയെന്നും വെബെർ നിരീക്ഷിക്കുന്നുണ്ട് (Weber 1963 & 2001).

മുതലാളിത്തത്തിന്റെ പ്രത്യേകതയായി വെബെർ കരുതുന്നത് സ്വതന്ത്രമായ തൊഴിലിന്റെ യുക്ത്യധിഷ്ഠിതമായ സംഘാടനമാണ്. വെബെറിന്റെ അഭിപ്രായത്തിൽ യുക്തിസഹമായ മുതലാളിത്തസംരംഭം സൂചിപ്പിക്കുന്നത് അച്ചടക്കമുള്ള തൊഴിൽശക്തിയെയും (labour force) മൂലധനത്തിന്റെ ക്രമീകൃത നിക്ഷേപത്തെയുമാണ്. ഇത് പരമ്പരാഗത സാമ്പത്തികപ്രവർത്തനങ്ങളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും, മറ്റ് രണ്ട് ഘടകങ്ങളുടെ അസാന്നിധ്യത്തിൽ മുതലാളിത്ത സംരംഭത്തിന്റെ ആധുനികവും യുക്തിസഹവുമായ സംഘാടനം സാധ്യമാകുമായിരുന്നില്ല. ഗാർഹികസംരംഭങ്ങളിൽ നിന്ന് വ്യാപാരകാര്യങ്ങളെ വേർതിരിച്ചു കാണുക എന്ന മനോഭാവവും, വ്യാപാരസംബന്ധമായ വ്യവഹാരങ്ങൾ കൃത്യമായും യുക്തിസഹമായും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള താല്പര്യവുമാണ് ഈ സംഘാടനത്തിന്റെ സവിശേഷതകൾ. മുതലാളിത്ത ഉല്പാദനപ്രക്രിയയുടെ സംഘാടനവുമായി ബന്ധപ്പെട്ടാണ് ഈ ഘടകങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്നത്. കൃത്യമായ കണക്കുകൂട്ടലും ആസൂത്രണവുമാണ് ഇവിടെ അടിസ്ഥാനം. ഇതെല്ലാം സ്വതന്ത്രമായ തൊഴിൽസങ്കല്പത്തെ അടിസ്ഥാനമാക്കി മാത്രമേ സാധ്യമാകൂ എന്ന് വെബെർ പറയുന്നു. ആധുനിക മുതലാളിത്തത്തിന്റെ അവിഭാജ്യഘടകമെന്ന നിലയിൽ ശാസ്ത്രീയമായ അറിവിന്റെ സാങ്കേതികോപയോഗവും നിയമത്തിന്റെയും ഭരണത്തിന്റെയും യുക്തിസഹമായ ഘടനകളുടെ വികാസവും വെബെർ കൂടുതൽ പരിഗണിക്കുന്നു. സാമ്പത്തിക കാര്യക്ഷമതയെ പരമാവധിയിലെത്തിക്കുക

എന്ന ലക്ഷ്യത്തോടെ നിർവഹിക്കുന്നതും, നിക്ഷേപത്തിനും പുനർനിക്ഷേപത്തിനും വേണ്ടിയുള്ളതുമായ മൂലധനവിനിയോഗവും പരമ്പരാഗത സംരംഭങ്ങൾക്ക് അന്യമാണ്. എന്നാൽ ഈ ശേഷിയാണ് ആധുനിക മുതലാളിത്തത്തിന്റെ സത്തയായി/ആത്മാവായി വെബെർ കണക്കാക്കുന്നത്. ആഡംബരങ്ങളിൽ അഭിരമിക്കാതെ സമ്പത്താർജ്ജിക്കാനുള്ള പ്രേരണയിൽ ഊന്നി വെബെർ നൽകുന്ന വിശദീകരണം ലക്ഷ്യംവെക്കുന്നത് അസറ്റിക് പ്രൊട്ടസ്റ്റന്റിസത്തിന്റെ പ്രത്യയശാസ്ത്രപരമായ അനന്യതയെയാണ്.

തന്റെ പഠനത്തിന്റെ അവസാനഭാഗങ്ങളിൽ വെബെർ പ്രൊട്ടസ്റ്റന്റ് ചിന്താധാരയിലെ ഉപവിഭാഗങ്ങളായ കാൽവിനിസം[10], പിയറ്റിസം[11] മെത്തഡിസം[12], ബാപ്റ്റിസം[13] എന്നീ വിശ്വാസസംഹിതകൾ വിശദീകരിക്കുകയും അവ തമ്മിലുള്ള അന്തരങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട് (Weber 2001: 54-101). ഇവിടെ സൂചിപ്പിച്ച പ്രൊട്ടസ്റ്റന്റ് ധാരകളൊന്നും തന്നെ മുതലാളിത്തത്തെ വളർത്തുന്നതിന് നേരിട്ട് ഹേതുവായിട്ടില്ല എന്ന ആശയമാണ് വെബെർ പങ്കുവെക്കുന്നത്. മുതലാളിത്ത സാമ്പത്തിക പ്രമാണത്തിന്റെ വളർച്ചയ്ക്ക് അനുകൂലമായ നൈതികബോധം അവരുടെ മതവിശ്വാസസംഹിതകൾ മുന്നോട്ടുവെച്ച മോക്ഷമാർഗത്തിലേക്കുള്ള പ്രവർത്തനങ്ങളുടെ അപ്രതീക്ഷിതമായ ഉപോൽപ്പന്നമായി സംഭവിച്ചു എന്ന തരത്തിലാണ് വെബെർ നോക്കി കാണുന്നത്. അതിൽതന്നെ യുക്തിസഹമായ സാമ്പത്തികചിന്തയുടെ വികാസത്തിന് പ്രേരകമായ കാൽവിനിസ്റ്റ് ചിന്തകളെ വെബെർ പ്രത്യേകം പരാമർശിക്കുന്നുമുണ്ട്.

### കാൽവിനിസം

പ്രൊട്ടസ്റ്റന്റ് നവീകരണകാലത്ത് ഫ്രഞ്ച്ദൈവശാസ്ത്രജ്ഞനും പാസ്റ്ററും പരിഷ്കർത്താവുമായ ജോൺ കാൽവിന്റെ (1509 –1564) ചിന്തകളെ അടിസ്ഥാനമാക്കി ജനീവയിൽ രൂപംകൊണ്ട ദൈവശാസ്ത്രചിന്താധാരയാണ് കാൽവിനിസം. കാൽവിന്റെ ചിന്തയിലെ പ്രധാന ആശയമായി മുൻനിശ്ചയം (predestination) എന്ന സങ്കല്പത്തെ വെബെർ ഉയർത്തികാണിക്കുന്നുണ്ട്. ഇതനുസരിച്ച് ചില മനുഷ്യരെ മാത്രമേ ശിക്ഷയിൽ നിന്ന് രക്ഷിക്കാൻ തിരഞ്ഞെടുക്കുന്നുള്ളൂ എന്ന് വിശ്വസിക്കപ്പെട്ടു. ഈ തിരഞ്ഞെടുപ്പ് ദൈവം മുൻകൂട്ടി നിശ്ചയിച്ചതായാണ് കരുതിപ്പോരുന്നത്. കാൽവിനിസ്റ്റ് പ്രമാണങ്ങൾ പ്രകാരം ദൈവം മനുഷ്യർക്കുവേണ്ടിയല്ല മറിച്ച് മനുഷ്യർ ദൈവത്തിനു വേണ്ടിയാണ് നിലകൊള്ളേണ്ടത് എന്നു സൂചിപ്പിക്കപ്പെടുന്നുണ്ട്.

ദൈവത്തിന്റെ കൽപ്പനകളും ഇംഗിതങ്ങളും ദൈവം താല്പര്യപ്പെടുന്നിടത്തോളം മാത്രമേ മനുഷ്യന് മനസ്സിലാക്കാൻ സാധ്യമാകൂവെന്നും, അതിനപ്പുറമുള്ള കാര്യങ്ങൾ മനുഷ്യന് അപ്രാപ്യമാണെന്നും ഇവിടെ പ്രബോധനം ചെയ്യപ്പെടുന്നു. അതുകൊണ്ടുതന്നെ, ഒരു മനുഷ്യന്റെ ഇഹലോകത്തിലും പരലോകത്തിലുമുള്ള വ്യക്തിഗതവിധി ഉൾപ്പെടെയുള്ള കാര്യങ്ങൾ നിഗൂഢമാണെന്നും അത് അന്വേഷിച്ചു കണ്ടെത്തൽ മനുഷ്യന് അസാധ്യമാണെന്നും, ദൈവികനിശ്ചയങ്ങളെ ചോദ്യം ചെയ്യുന്നത് ധാർഷ്ട്യമാകുമെന്നും കാൽവിനിസ്റ്റുകൾ കരുതിപ്പോരുന്നു.

ദൈവത്തിന്റെ തീരുമാനങ്ങൾ ഒരിക്കലും മനുഷ്യസ്വാധീനത്തിന് വിധേയമാണെന്ന് കാൽവിനിസ്റ്റുകൾ വിശ്വസിക്കുന്നില്ല. അതുകൊണ്ടുതന്നെ ഒരു മനുഷ്യന്റെ ഏതെങ്കിലും തരത്തിലുള്ള ഗുണഗണങ്ങൾ അല്ലെങ്കിൽ മോശം കർമങ്ങൾ അയാളുടെ വിധിയെ നിർണയിക്കുമെന്ന വിശ്വാസം അവർ വെച്ചുപുലർത്തുന്നില്ല. ദൈവീകകൃപ ദൈവം അനുവദിച്ചവർക്ക് മാത്രം സാധ്യമാവുകയുള്ളൂ എന്നും വിലക്കപ്പെട്ടവർക്ക് അതൊരിക്കലും നേടാനാവില്ലെന്നും ഇവിടെ കരുതിപ്പോരുന്നു.

അതിനാൽ ദൈവികവിളി കിട്ടിയ ഒരു വ്യക്തി തിരഞ്ഞെടുക്കപ്പെട്ടവരിൽ ഉൾപ്പെടുന്നുവെന്ന സൂചന ജീവിതവിജയത്തിന്റെ ആദ്യപടിയായി കണക്കാക്കപ്പെട്ടു. സ്വന്തം പരിശ്രമം കൊണ്ടും അദ്ധ്വാനം കൊണ്ടും ഒരു മനുഷ്യന് തന്റെ തൊഴിൽമേഖലയിൽ വന്നുചേർന്ന വിജയവും അതോടൊപ്പം സംഭവിച്ച സമ്പത്തിന്റെ ശേഖരണവും ശാന്തമായ കഠിനാദ്ധ്വാനവുമായി സംയോജിപ്പിച്ചിരിക്കുന്നിടത്തോളംകാലം അത് ധാർമ്മികമായി അംഗീകരിക്കപ്പെട്ടു. അതേസമയം ആഡംബരത്തിനും സുഖഭോഗത്തിനും വേണ്ടി സമ്പത്താർജ്ജിക്കുന്നത് ഈ വിശ്വാസധാരയിൽ അപലപിക്കപ്പെട്ടു.

കത്തോലിക്കാമതപ്രമാണങ്ങളിൽനിന്ന് വിഭിന്നമായി പാപം ചെയ്താൽ കുമ്പസാരിക്കുന്നതിലൂടെ അല്ലെങ്കിൽ പശ്ചാത്താപത്തിലൂടെ പാപമോചനം സാധ്യമാകും എന്ന സങ്കല്പത്തിന് കാൽവിനിസ്റ്റ് വിശ്വാസധാരയിൽ അർഥം കല്പിക്കപ്പെടുന്നില്ല. വ്യക്തിപരമായ പുണ്യപ്രവൃത്തികൾക്ക് പകരം കൂടുതൽ സാമൂഹികമാനങ്ങളുള്ള പ്രവൃത്തികളാണ് ഇവിടെ പ്രോത്സാഹിപ്പിക്കപ്പെടുന്നത്. ഒരു മനുഷ്യൻ അല്ലെങ്കിൽ ഒരു ജനവിഭാഗം തങ്ങളുടെ അദ്ധ്വാനത്തിലൂടെ ഭൗതികനേട്ടങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനും അത്തരം നേട്ടങ്ങൾ അവരുടെ വിശ്വാസത്തിന്റെ ദൃഢതയായി പ്രകടിപ്പിക്കുന്നതിനും ഇവിടെ പ്രത്യേകം മൂല്യം കല്പിച്ചിരുന്നു.

വെബെറുടെ വിശകലനം ആരംഭിക്കുന്നത് ജർമ്മൻ സമൂഹത്തിലെ സ്ഥിതിവിവരക്കണക്കുകൾ ഉപയോഗിച്ചുകൊണ്ടാണ്. ആധുനികസംരംഭങ്ങളിൽ തൊഴിൽവൈദഗ്ദ്ധ്യമുള്ളവരും സാങ്കേതികമായും വാണിജ്യപരമായും പുരോഗതി നേടിയവരും കാൽവിനിസ്റ്റ് താല്പര്യമുള്ള പ്രൊട്ടസ്റ്റന്റ് വിശ്വാസികൾ ആണെന്ന് വെബെർ പറയുന്നുണ്ട്. അതോടൊപ്പം തന്നെ ഈ മതവിഭാഗത്തിന്റെ വളർച്ചയ്ക്ക് അനുകൂലമായി വർത്തിച്ച ചരിത്രപരമായ സാഹചര്യങ്ങളും വെബെർ വിശദീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വിദ്യാഭ്യാസവും ഭൗതികനേട്ടങ്ങൾക്ക് ആവശ്യമായ സാമ്പത്തികസ്ഥിതിയും മേൽപറഞ്ഞ നേട്ടങ്ങൾക്ക് ഹേതുവായി സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ ജനവിഭാഗങ്ങൾക്ക് അവരുടെ പൂർവികരിൽനിന്നും ലഭിച്ച പാരമ്പര്യസമ്പത്തും ഇതിൽ നിർണായകമായി എന്നാണ് കരുതപ്പെടുന്നത്. പതിനാറാം നൂറ്റാണ്ടിൽ സാമ്പത്തികമായി മുന്നേറിയവരിൽ പലരും പ്രൊട്ടസ്റ്റന്റ് ചിന്തയിൽ താല്പര്യം പ്രകടിപ്പിച്ചവരായിരുന്നു.

കത്തോലിക്കാമതം അവരുടെ വിശ്വാസികളുടെ ദൈനംദിനജീവിതത്തിൽ വളരെയധികം ഇടപെടലുകൾ നടത്തിയതിനാലാണ് അനുയായികളുടെ കൊഴിഞ്ഞുപോക്ക് സംഭവിച്ചതെന്ന വാദം വെബെർ തള്ളിക്കളയു

ന്നുണ്ട്. വാസ്തവത്തിൽ പ്രൊട്ടസ്റ്റന്റ് മതവും ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ മുഴുവൻ പെരുമാറ്റത്തെയും നിയന്ത്രിക്കുകയും പൊതു, സ്വകാര്യജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു. അതുപോലെതന്നെ തൊഴിൽ രംഗത്ത് കത്തോലിക്കർ കരകൗശല കാര്യങ്ങൾ പോലുള്ള പരമ്പരാഗതമേഖലകളിൽ തുടരാനുള്ള പ്രവണത പ്രകടിപ്പിച്ചപ്പോൾ പ്രൊട്ടസ്റ്റന്റുകാർ ഫാക്ടറികളിലെ വിദഗ്ധ തൊഴിലാളികളാകുന്നതിലും ഭരണപരമായ സ്ഥാനങ്ങൾ നേടിയെടുക്കുന്നതിലും ശ്രദ്ധാലുക്കളായിരുന്നുവെന്നും വെബെർ നിരീക്ഷിക്കുന്നുണ്ട് (Weber 2001).

### റിച്ചാർഡ് ബക്സ്റ്ററുടെ പ്യൂരിറ്റൻ ധാർമ്മികത

മതപരമായ തത്ത്വങ്ങൾ ദൈനംദിനജീവിതത്തിൽ പെരുമാറ്റച്ചട്ടങ്ങളായി പരിവർത്തനം ചെയ്യപ്പെടുന്നുവെന്ന് വിശദീകരിക്കാൻ പതിനേഴാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ കാൽവിനിസ്റ്റ് സ്വഭാവമുള്ള പ്രൊട്ടസ്റ്റന്റ് വക്താക്കളിൽ ഒരാളായ റിച്ചാർഡ് ബക്സ്റ്ററിന്റെ (Richard Baxter, 1615–1691) പ്യൂരിറ്റൻ ധാർമ്മികചിന്തകൾ വെബെർ പ്രയോജനപ്പെടുത്തിയിട്ടുണ്ട് (Weber 2001: 103-105). തന്റെ വൈദികപഠനജീവിതത്തിന്റെ ആദ്യകാലങ്ങളിൽ കത്തോലിക്ക സഭാംഗമായിരുന്നു ബക്സ്റ്റർ. ദൈവശാസ്ത്ര പഠനത്തിനു ശേഷം അദ്ദേഹം 1638–ൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ വൈദികനായി നിയമിതനായി. പ്യൂരിറ്റൻ ചിന്തകരുടെ നേതൃത്വത്തിൽ റോമൻ കത്തോലിക്കാ ചർച്ചിനെ പോപ്പിന്റെ മേധാവിത്ത സംസ്കാരത്തിന്റെ അവശിഷ്ടങ്ങളിൽ നിന്നും മോചിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള മുന്നേറ്റങ്ങൾ പതിനാറാം നൂറ്റാണ്ടിന്റെ അവസാനകാലത്തും പതിനേഴാം നൂറ്റാണ്ടിലുമായി ഇംഗ്ലണ്ടിൽ നടന്നു വരുന്നുണ്ടായിരുന്നു. ഈ മുന്നേറ്റങ്ങളിൽ ആകൃഷ്ടനായ ബക്സ്റ്റർ വൈദികനായി രണ്ട് വർഷത്തിനുള്ളിൽ തന്നെ, തന്റെ സഭ സ്ഥാപിച്ച എപ്പിസ്കോപ്പസിക്കെതിരെ സമരം നയിക്കുകയും തുടർന്ന് പ്യൂരിറ്റൻ ചിന്താഗതിക്കാരുമായി സഖ്യമുണ്ടാക്കുകയും ചെയ്തു. മാർട്ടിൻ ലൂഥറിന്റെ ചിന്തകളുടെ സ്വാധീനം ഇക്കാലത്ത് ഇംഗ്ലണ്ടിൽ ഒരുപാട് പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾക്ക് ജന്മം നല്കിയിരുന്നു. എന്നാൽ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളെല്ലാം തന്നെ പല പ്രത്യയശാസ്ത്ര പ്രശ്നങ്ങളിലൂന്നി പോരടിക്കുന്ന പശ്ചാത്തലവും അക്കാലത്ത് നിലനിന്നിരുന്നു. പരസ്പരം ഏറ്റുമുട്ടുന്ന പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾക്കിടയിൽ ഐക്യം നിലനിർത്താൻ വേണ്ടി ശ്രമിച്ചിരുന്ന ഒരു വ്യക്തിത്വമായിട്ടാണ് ബക്സ്റ്റർ അറിയപ്പെടുന്നത്. എന്നിരുന്നാലും നീതീകരണത്തെയും വിശുദ്ധീകരണത്തെയും കുറിച്ചുള്ള റിച്ചാർഡ് ബക്സ്റ്ററിന്റെ വീക്ഷണങ്ങൾ കാൽവിനിസ്റ്റ് ചിന്താധാരയ്ക്കുള്ളിൽത്തന്നെ ഏറെ വിവാദങ്ങൾക്ക് കാരണമായിട്ടുണ്ട്.

ക്രിസ്തുമതം ഒരു ജീവിതരീതിയാണെന്നും, ഒരു മനുഷ്യന്റെ ജീവിതത്തിന്റെ മുഴുവൻ തലങ്ങളും സമന്വയിപ്പിക്കുന്ന ഒരർഥതലം ഇതിനുണ്ടെന്നും തന്റെ വിശ്വാസികളെ പഠിപ്പിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ബൈബിൾ പഠനങ്ങളിലൂടെയും വായനയിലൂടെയും ഉരുത്തിരിഞ്ഞു വരുന്ന വെളിപാടുകളെ (biblical revelations) തന്റെ ചിന്തകളുടെയും

എഴുത്തുകളുടെയും ഉറവിടമായാണ് ബക്സ്റ്റർ നിരന്തരം പരാമർശിക്കുന്നത്. ദൈവശാസ്ത്രം പഠിക്കേണ്ടതും മനസ്സിലാക്കേണ്ടതും കേവലം സൈദ്ധാന്തിക തലത്തിൽ മാത്രമല്ലെന്നും അതിന്റെ പ്രായോഗികതലവും അന്വേഷിക്കപ്പെടേണ്ടതാണെന്നും, പ്രായോഗികതയിൽനിന്നാണ് സൈദ്ധാന്തികചിന്തകൾ ഉരുവം കൊള്ളുന്നതെന്നും ബക്സ്റ്റർ തന്റെ അനുയായികളെ ബോധിപ്പിച്ചു.

മനുഷ്യന് ഈ ഭൂമിയിൽ ഭൗതികമായി മെച്ചപ്പെട്ട ജീവിതം നയിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാവണമെന്ന സങ്കല്പമാണ് റിച്ചാർഡ് ബക്സ്റ്റർ പങ്കുവെക്കുന്നത്. അദ്ധ്വാനം മാത്രമേ ദൈവഹിതം ഉയർത്തുന്നുള്ളൂ. അതിനാൽ മനുഷ്യന് ഈ ഭൂമിയിൽ അനുവദിച്ചിട്ടുള്ള സമയം പാഴാക്കുന്നത് ഏറ്റവും വലിയ പാപമാണ്. കാരണം ഇത് ദൈവികവിളിയിൽ അടങ്ങിയിട്ടുള്ള സത്തയെ തടയുന്നു. അദ്ധ്വാനത്തെ സ്വീകാര്യമായ ഒരു ആചാരമായി അംഗീകരിച്ച് ആരാധനയുടെ ഉയർന്നക്രമമായി അവതരിപ്പിക്കുന്ന സങ്കല്പ്പത്തിന്റെ വിപുലീകരണമാണ് ഇവിടെ നടക്കുന്നത്. അനാവശ്യമായ വിശ്രമം, അലസത ഇതെല്ലാം ദൈവനിന്ദയായാണ് ഇവിടെ വിശദീകരിക്കപ്പെടുന്നത്. സമ്പത്താർജ്ജിക്കുന്നതിനെക്കുറിച്ചുള്ള ബക്സ്റ്ററിന്റെ കാഴ്ചപ്പാട് വളരെ വ്യത്യസ്തമാണ്. ഒരു മനുഷ്യൻ താൻ ആർജ്ജിച്ചെടുത്ത ഭൗതികസമ്പത്തിൽ മാത്രം സുരക്ഷിതത്വം കണ്ടെത്തി ജീവിക്കുന്നത് ആഡംബരത്തിലേക്കും ഒരുപക്ഷേ നിത്യമായ അലസതയിലേക്കുമുള്ള പ്രേരണയായി മാറുമെന്ന് ബക്സ്റ്റർ രേഖപ്പെടുത്തുന്നുണ്ട്. അലസതയിൽ നിന്നുള്ള മോചനവും നിതാന്തമായ പ്രവർത്തനനിരതയും മാത്രമേ ദൈവമഹത്വത്തെ ഉന്നതിയിലെത്തിക്കുകയുള്ളൂ. ബക്സ്റ്റർ തൊഴിൽ വിഭജനത്തിന്റെ (division of labour) ആവശ്യകതയെ ദൈവഹിതമായി വ്യാഖ്യാനിക്കുന്നു. ഇതിലൂടെ നേടിയെടുക്കുന്ന തൊഴിൽവൈദഗ്ദ്ധ്യം ഓരോരുത്തരെയും സ്വന്തം തൊഴിൽ ആശയക്കുഴപ്പമില്ലാതെ, കൃത്യമായി നിർവഹിക്കുന്നതിന് സഹായിക്കുന്നു. അദ്ദേഹത്തിന്റെ രചനകൾ ഇത്തരം നൈതിക പ്രമാണങ്ങളാണ് ഉദ്ഘോഷിക്കുന്നത്.

ധാർമ്മികവും മതപരവുമായ പുതിയ ചിന്തകൾ അവതരിപ്പിച്ചതോടെ പ്യൂരിറ്റൻ കാഴ്ചപ്പാടുകൾ ശ്രദ്ധ നേടാൻ തുടങ്ങി. അക്കാലത്തെ സഭാനവീകരണപ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം പ്യൂരിറ്റൻ ജീവിതരീതി എല്ലാ മനുഷ്യർക്കും മാതൃകയാക്കാൻ താല്പ്പര്യപ്പെടുന്ന തരത്തിലായിരുന്നു. രാഷ്ട്രതാല്പര്യങ്ങളെ പരിവർത്തനം ചെയ്യാനുള്ള അവരുടെ ശ്രമങ്ങൾ ഇംഗ്ലണ്ടിൽ ആഭ്യന്തരയുദ്ധത്തിനും അമേരിക്കയിൽ പ്യൂരിറ്റൻ ജീവിതരീതിയുടെ പ്രവർത്തനമാതൃകകളായ കോളനികൾ രൂപപ്പെടുന്നതിനും കാരണമായി.

പ്യൂരിറ്റൻ ആശയങ്ങൾ യൂറോപ്പിലെയും അമേരിക്കയിലെയും മുതലാളിത്ത സാമ്പത്തികവ്യവസ്ഥയുടെ വികാസത്തെ സ്വാധീനിച്ചിട്ടുണ്ടെങ്കിലും, അതോടൊപ്പം മറ്റുചില ഘടകങ്ങളും ഇതിൽ നിർണായകമായിരുന്നുവെന്ന് വെബെർ വാദിച്ചു. കൃത്യമായ നിരീക്ഷണം, കണക്കുകൂട്ടലുകൾ, വൈജ്ഞാനികമേഖലയിലുണ്ടായ പുരോഗതി, ഭരണകാര്യങ്ങളിൽ ഉണ്ടായിത്തീർന്ന യുക്തിസഹമായ വ്യവസ്ഥാപിത സംവിധാനങ്ങൾ, സംരംഭകപ്രസ്ഥാനങ്ങളുടെ കടന്നുവരവ് തുടങ്ങിയവയെല്ലാം അവയിൽ ഉൾപ്പെടുന്നു.

തന്റെ പഠനത്തിൽ നിന്നും കണ്ടെത്തിയ വിവരങ്ങൾ പ്രബന്ധരൂപത്തിൽ പകർത്തിയെഴുതുന്ന കാലമായപ്പോഴേക്കും പ്രൊട്ടസ്റ്റന്റ് ധാർമ്മികതയുടെ മതപരമായ അടിത്തറ സമൂഹത്തിൽനിന്ന് ഏറെക്കുറെ ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്ന് വെബെർ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടാവാം, മിതവ്യയത്തിനും കഠിനാദ്ധ്വാനത്തിനും ഊന്നൽ നൽകുന്ന അമേരിക്കൻ നയതന്ത്രവിദഗ്ദ്ധനും എഴുത്തുകാരനും ശാസ്ത്രജ്ഞനുമായിരുന്ന ബെഞ്ചമിൻ ഫ്രാങ്ക്ളിന്റെ (1706–1790) ചിന്തകൾ കൂടുതൽ വിശദീകരണങ്ങൾക്കായി അദ്ദേഹം പ്രയോജനപ്പെടുത്തിയത് (Weber 2001:122-124). പ്രൊട്ടസ്റ്റന്റ് മതത്തിന്റെ മതപരമായ സങ്കല്പ്പത്തിനുള്ളിൽ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ പ്രകടിപ്പിച്ച ആധുനിക സാമ്പത്തിക പ്രവർത്തനങ്ങളുടെ ധാർമ്മികമാനം ഉൾക്കൊള്ളാനുള്ള ആഹ്വാനം വെബെർ തന്റെ പഠനത്തിൽ എടുത്തുകാണിക്കുന്നുണ്ട്. അമേരിക്കയിലെ വൻതോതിലുള്ള ഉല്പാദനപ്രക്രിയയുടെ വിജയത്തിന് ഭാഗികമായി ഇത്തരം ധാർമ്മികപ്രമാണങ്ങൾ കാരണമായതായി വെബെർ നിരീക്ഷിക്കുന്നുണ്ട്. സമയം പണമായും മൂലധനം വർദ്ധിപ്പിക്കാനുള്ള വ്യക്തിയുടെ കടമയായും വിവരിക്കുമ്പോൾ ബെഞ്ചമിൻ ഫ്രാങ്ക്ളിന്റെ വാക്കുകളിലൂടെ അത്തരം സാമ്പത്തികപ്രവർത്തനങ്ങളുടെ സമൂഹികമാനങ്ങൾ വിശദീകരിക്കാനാണ് വെബെർ ഊന്നൽ നല്കുന്നതെന്ന് കാണാം. അതുപോലെതന്നെ, വ്യവസായവൽക്കരണത്തിന്റെ ഫലമായി ഫാക്ടറികളിൽ നിന്നും അസംബ്ലിമാതൃകയിൽ, കുറഞ്ഞ ചെലവിൽ നിർമ്മിക്കുന്ന ഉല്പ്പന്നങ്ങൾ ലഭ്യമായി തുടങ്ങിയതോടെയാണ് ആഡംബരങ്ങൾ കുറയ്ക്കാനും വില പിടിപ്പുള്ള ഉല്പ്പന്നങ്ങൾ വേണ്ടെന്നുവെക്കാനുമുള്ള മനഃസ്ഥിതിയിലേക്ക് മനുഷ്യർ മാറിയത്. മതം, സമ്പത്ത് ഇവയെ ബന്ധിപ്പിക്കുമ്പോൾ വിശാലാർത്ഥത്തിൽ സമൂഹവും സമ്പദ്ഘടനയും തമ്മിലുള്ള പാരസ്പര്യം കൂടിയാണ് പ്രതിഫലിപ്പിക്കപ്പെടുന്നതെന്ന അർത്ഥത്തിലാണ് വെബെർ തന്റെ ചിന്തകളെ ഇവിടെ വിശദീകരിക്കുന്നത്.

**ഉപസംഹാരം**

യൂറോപ്പിലെയും അമേരിക്കയിലെയും മുതലാളിത്ത ഉല്പാദന വ്യവസ്ഥയുടെ വികാസത്തിൽ പ്രൊട്ടസ്റ്റന്റ് ചിന്താധാരകൾ, പ്രത്യേകിച്ച് കാൽവിനിസം വഹിച്ച പങ്ക് വിശദീകരിക്കുന്ന മാക്സ് വെബെറുടെ സൈദ്ധാന്തിക പരികല്പനകൾ തുടർന്നുവന്ന സമൂഹശാസ്ത്രജ്ഞരുടെയും ചരിത്രകാരന്മാരുടെയും സാമ്പത്തികശാസ്ത്രജ്ഞരുടെയും ചിന്തകളിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ട്. സോഷ്യോളജി എന്ന വിജ്ഞാനശാഖയുടെ ചരിത്രം പരിശോധിക്കുമ്പോൾ, മതവും സമ്പത്തും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്ന അന്വേഷണങ്ങളിൽ The Protestant Ethic and the Spirit of Capitalism, The Sociology of Religion, Economy and Society എന്നീ കൃതികൾ ക്ലാസിക്കൽപദവി കൽപ്പിക്കപ്പെടുന്നവയാണ്. മതവും മുതലാളിത്തവുമായി ബന്ധപ്പെടുത്തി വെബെർ നടത്തിയ ഈ പഠനങ്ങൾ പുതിയ കാലത്തും വ്യാപകമായി വായിക്കപ്പെടുന്നതിൽ ഒട്ടും അതിശയോക്തി കാണേണ്ടതില്ല. നാളതുവരെ അന്വേഷണവിഷയമാകാത്ത മതം, സാമ്പത്തികഘടന എന്നിവ

യെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ള ആധികാരികമായ ഒരു ചിന്താപദ്ധതിയ്ക്ക് തുടക്കം കുറിക്കുവാൻ വെബെറുടെ ഗവേഷണപഠനങ്ങൾക്ക് കഴിഞ്ഞു. എന്നാൽ, ഇത് അദ്ദേഹത്തിന്റെ കണ്ടെത്തലുകളെ വിമർശനങ്ങൾക്കതീതമാക്കുന്നില്ല.

ജർമ്മൻ ചരിത്രകാരന്മാരായ എച്ച്. കാൾ ഫിഷർ (1907), ഫെലിക്സ് റാച്ച്ഫൽ (1909) സാമ്പത്തികശാസ്ത്രജ്ഞരായ ലുജോ ബ്രെൻടാനോ (1916), വെർണർ സോംബാർട്ട് (1916) തുടങ്ങിയവർ വെബെറിന്റെ വിശകലനങ്ങൾ ഏകപക്ഷീയമാണെന്ന് നിരീക്ഷിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കണ്ടെത്തലുകളോട് വിയോജിക്കുന്നു. മുതലാളിത്തത്തിന്റെ ഉയർച്ചയ്ക്കു കാരണമാകാമായിരുന്ന പലഘടകങ്ങളെയും അവഗണിച്ചുകൊണ്ട് മതപരമായ ആശയങ്ങളുടെ പങ്കിൽ വെബെർ അമിത ശ്രദ്ധകേന്ദ്രീകരിച്ചുവെന്ന് ഇവർ അഭിപ്രായപ്പെടുന്നു. പ്രൊട്ടസ്റ്റന്റുകാരെ പോലെത്തന്നെ യഹൂദരും മുതലാളിത്തത്തിന്റെ വ്യാപനത്തിൽ നിർണായക സ്വാധീനം വഹിച്ചിട്ടുണ്ടെങ്കിലും ഈ വസ്തുത വെബെർ തന്റെ പഠനത്തിൽ അടയാളപ്പെടുത്തുന്നില്ലെന്ന് സോംബാർട്ട് ചൂണ്ടിക്കാണിക്കുന്നു. കൂടുതൽ സൂക്ഷ്മവും സ്പഷ്ടവുമായ വിമർശനങ്ങളാണ് ബ്രെൻടാനോ മുന്നോട്ടുവെച്ചത്. റോമൻ കത്തോലിക്കാ മതവിശ്വാസികളായ ഇറ്റാലിയൻ വ്യാപാരികൾക്കിടയിൽ നവീകരണ കാലഘട്ടത്തിന് നൂറ്റാണ്ടുകൾക്കുമുമ്പു തന്നെ 'മുതലാളിത്തത്തിന്റെ സത്ത/ആത്മാവ്' എന്ന ആശയത്തിന് സമാനമായ ചിന്തകൾ നിലനിന്നിരുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വെനീസ്, ജെനോവ, പിസ തുടങ്ങിയ ഇറ്റാലിയൻ നഗരങ്ങളിലെ ജനത വളരെ മുമ്പുതന്നെ വാണിജ്യപ്രവർത്തനങ്ങളിലും വ്യാപാരനയങ്ങളിലും മുതലാളിത്തത്തിന്റെ സത്ത ഉൾക്കൊണ്ടിരുന്നു എന്നതാണ് ബ്രെൻടാനോയുടെ മറ്റൊരു വാദം. എന്നാൽ ഈ പ്രവണത വിശദീകരിക്കാൻ വെബെർ ശ്രമിച്ചില്ല എന്ന വിമർശം അദ്ദേഹം മുന്നോട്ടുവെക്കുന്നു.

മതനൈതികചിന്തകൾ മാത്രമല്ല രാഷ്ട്രീയവും സാമൂഹികവുമായ ഘടകങ്ങളും മുതലാളിത്തത്തിന്റെ വ്യാപനത്തിന് കാരണമാകാമെന്ന വാദം അർഹിക്കുന്ന ഗൗരവത്തോടെ വെബെർ പരിഗണിച്ചിട്ടില്ല എന്ന് ഫിഷർ(1907) അഭിപ്രായപ്പെടുന്നു. നവീകരണകാലത്ത്, സാമ്പത്തികസാഹചര്യങ്ങളിലെ മാറ്റങ്ങൾക്കനുസൃതമായി മതപരമായ ആശയങ്ങളിലും മാറ്റമുണ്ടായി എന്നതാണ് ഫിഷറിന്റെ വ്യാഖ്യാനം. പ്രൊട്ടസ്റ്റന്റിസവും മുതലാളിത്തവും തമ്മിലുള്ള ബന്ധത്തിന് ഈ മാറ്റങ്ങൾ കാരണമായിട്ടുണ്ടാവാം എന്ന തരത്തിലാണ് അദ്ദേഹം ഈ വിഷയത്തെ വിശകലനം ചെയ്യുന്നത്. തന്റെ പഠനങ്ങളിലൂടെ മുന്നോട്ടുവെക്കുന്ന ആശയങ്ങളെ സ്ഥിരീകരിക്കാൻ മതിയായ തെളിവുകൾ വെബെർ നൽകിയിട്ടില്ല എന്ന വിമർശമാണ് റാച്ച്ഫൽ(1909) ഉന്നയിക്കുന്നത്. പ്രൊട്ടസ്റ്റന്റിസവും മുതലാളിത്തവും തമ്മിലുള്ള ബന്ധം ശരിയായി വിശദീകരിക്കുന്നതിൽ വെബെർ ശേഖരിച്ച ദത്തങ്ങൾ അപര്യാപ്തമാണെന്നും, കാൽവിനിസം യൂറോപ്പിൽ രൂപപ്പെടുന്നതിന് വളരെമുമ്പുതന്നെ നെതർലാൻഡ്സിൽ മുതലാളിത്തം വികസിച്ചിരുന്നുവെന്നും റാച്ച്ഫൽ അഭിപ്രായപ്പെടുന്നു. അക്കാലത്ത് ഡച്ചുകാരിൽ വലിയൊരു വിഭാഗം റോമൻ കത്തോലിക്കരായിരുന്നു. പ്രൊട്ടസ്റ്റന്റ് വിഭാഗവും പ്യൂരിറ്റനിസവും വേരൂന്നുന്നതിനുമുമ്പ് ഇംഗ്ലണ്ടിലെ സ്ഥിതിയും ഇതുതന്നെയായിരുന്നു. ഈ

വസ്തുതകൾ മുൻനിർത്തി പ്യൂരിറ്റൻ വാണിജ്യപ്രവർത്തനങ്ങൾക്ക് മതപരമായ പ്രേരണകളുണ്ടെന്നതിന് വെബെർ തെളിവുകൾ നല്കിയിട്ടില്ലെന്ന് റാച്ച്ഫൽ നിരീക്ഷിക്കുന്നു. ഇക്കാരണങ്ങൾകൊണ്ടെല്ലാം തന്നെ വിമർശകർ പലപ്പോഴായി ചൂണ്ടികാണിച്ച, വെബെറിന്റെ പഠനങ്ങളിൽ സംഭവിച്ചുവെന്നു പറയപ്പെടുന്ന ദിശാവ്യതിയാനങ്ങളും കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. എന്നിരുന്നാലും, മുതലാളിത്ത ഉല്പാദനപ്രക്രിയയുടെ വളർച്ചയെ അവതരിപ്പിക്കുന്നതിന് വെബെർ ഊന്നൽ നല്കിയ വിശദീകരണങ്ങളും, കാര്യ-കാരണ ബന്ധം അടിസ്ഥാനപ്പെടുത്തി ഈ പ്രക്രിയയെ വ്യാഖ്യാനിക്കുന്നതിൽ പ്രകടമാക്കുന്ന ചാതുര്യവും വിമർശകരുടെ പോലും പ്രശംസ അർഹിക്കുന്നതായിരുന്നു. അതുതന്നെയാണ് വെബെറിന്റെ പഠനങ്ങളെയും ഗവേഷണങ്ങളെയും പ്രസക്തമാക്കുന്നതും.

## കുറിപ്പുകൾ

1. പതിനാറാം നൂറ്റാണ്ടിൽ റോമൻ കത്തോലിക്കാസഭയിൽ നടന്ന മതവിപ്ലവം, പ്രൊട്ടസ്റ്റന്റ് നവീകരണം എന്നും അറിയപ്പെടുന്നു. നവീകരണശ്രമങ്ങൾ പടിഞ്ഞാറൻ യൂറോപ്പിൽ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളുടെ ആവിർഭാവത്തിന് കാരണമായി. ജർമ്മൻ ദൈവശാസ്ത്രജ്ഞനായ മാർട്ടിൻ ലൂഥർ, ഫ്രഞ്ച് ദൈവശാസ്ത്രജ്ഞനായ ജോൺ കാൽവിൻ എന്നിവരാണ് പ്രധാനമായും ഈ പ്രക്രിയയ്ക്ക് നേതൃത്വം നൽകിയത്. ദൂരവ്യാപകമായ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക പ്രത്യാഘാതങ്ങൾക്ക് കാരണമായ നവീകരണത്തെ പ്രൊട്ടസ്റ്റന്റ് വിശ്വാസധാരയുടെ വ്യാപനത്തിന്റെ അടിസ്ഥാനശിലകളിലൊന്നായും വിശേഷിപ്പിക്കുന്നു.
2. പാരമ്പര്യമൂല്യങ്ങൾ, വികാരങ്ങൾ എന്നിവയ്ക്കു പകരം യുക്തിസഹമായചിന്തകൾ മനുഷ്യന്റെ സാമൂഹികജീവിതത്തിലെ പെരുമാറ്റത്തിനും ഇടപടലുകൾക്കും പ്രേരകമായി വർത്തിക്കുന്നതെങ്ങനെയാണെന്ന് വിശദീകരിക്കാനാണ് വെബെർ ഈ പദം ഉപയോഗിക്കുന്നത്. സാമ്പത്തിക വ്യവഹാരങ്ങൾ, നിയമം, ഭരണം, മതം എന്നീ മേഖലകളിലെ മാറ്റങ്ങൾ വിശദീകരിച്ചുകൊണ്ടാണ് വെബെർ ഈ ആശയം വികസിപ്പിക്കുന്നത്. മുതലാളിത്തത്തിന്റെയും ബ്യൂറോക്രസിയുടെയും നിയമപരമായ ഭരണകൂടത്തിന്റെയും ആവിർഭാവം സമൂഹത്തിൽ യുക്തിവല്കരണ പ്രക്രിയയെ ത്വരിതപ്പെടുത്തിയെന്ന് വെബെർ വിശ്വസിക്കുന്നു. കണക്കുകൂട്ടലുകളിലൂടെയും യുക്തിസഹമായ പെരുമാറ്റത്തിലൂടെയും സാമൂഹികജീവിതം കൂടുതൽ ക്രമപ്പെടുമെന്ന് വെബെർ നിരീക്ഷിക്കുന്നു. മനുഷ്യന്റെ സാമൂഹ്യ ചരിത്രത്തെക്കുറിച്ചുള്ള വെബെറുടെ കാഴ്ചപ്പാട് ഇതിനനുബന്ധമായി നമുക്ക് മനസ്സിലാക്കാം.
3. പരമോന്നതവും അതേസമയം വിരുദ്ധസ്വഭാവവുമുള്ള രണ്ടു ശക്തികളിലുള്ള വിശ്വാസത്തെയാണ് മതപഠനങ്ങളിൽ ദ്വൈതവാദം എന്ന് സൂചിപ്പിക്കുന്നത്. ദൈവികവും പൈശാചികവുമായ ശക്തികൾ പരസ്പരപൂരകമായി നിലകൊള്ളുന്നു എന്ന സങ്കല്പമാണ് ദ്വൈതവാദത്തിന്റെ അടിസ്ഥാനം.
4. പുരാതനകാലത്ത് പ്രത്യേകിച്ച് പടിഞ്ഞാറൻ ഏഷ്യൻ രാജ്യങ്ങളിൽ നിലനിന്നിരുന്ന മതമാണ് മാൻഡേയനിസം. ഇറാഖിലും തെക്കുപടിഞ്ഞാറൻ ഇറാനിലെ പലപ്രദേശങ്ങളിലും ഇപ്പോഴും ഈ വിശ്വാസധാര നിലനിൽക്കുന്നതായി പഠനങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. സാധാരണയായി ജ്ഞാനവാദികളായ ഒരു വിഭാഗമായാണ് (gnostic sect) ഈ മതവിശ്വാസികളെ കണക്കാക്കുന്നത്. മൂന്നാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിലനിന്നിരുന്ന മാനിക്കേയിസം എന്ന മതവിഭാഗത്തിന്റെ വിശ്വാസങ്ങളുമായി മാൻഡേയനിസത്തിന് സാമ്യം കല്പിക്കപ്പെടുന്നുണ്ട്.

5. പുരാതന ഗ്രീസിലെ അതിപ്രശസ്തമായ രഹസ്യാത്മക മതാചാരങ്ങളാണ് എലൂസിനിയൻ നിഗൂഢപ്രമാണങ്ങൾ എന്നറിയപ്പെടുന്നത്.

6. പതിനാറ് പതിനേഴ് നൂറ്റാണ്ടുകളിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിനെ റോമൻ കാത്തലിക് ആചാരങ്ങളിൽനിന്ന് ശുദ്ധീകരിക്കാൻ ശ്രമിച്ച ഇംഗ്ലീഷ് പ്രൊട്ടസ്റ്റന്റുകളാണ് പ്യൂരിറ്റനിസത്തിന്റെ വക്താക്കളായി പൊതുവെ അറിയപ്പെടുന്നത്. നവീകരണകാലത്ത് ചർച്ച് ഓഫ് ഇംഗ്ലണ്ട് പൂർണ്ണമായി പരിഷ്കരിക്കപ്പെട്ടിട്ടില്ലെന്നും അതുകൊണ്ടുതന്നെ ചർച്ച് കൂടുതൽ പ്രൊട്ടസ്റ്റന്റ് ആയി മാറേണ്ടതുണ്ടെന്നും ഇക്കൂട്ടർ വാദിച്ചു. ഇംഗ്ലണ്ടിന്റെ സാമൂഹ്യചരിത്രത്തിൽ, പ്രത്യേകിച്ച് പ്രൊട്ടക്ടറേറ്റിന്റെ കാലത്ത് പ്യൂരിറ്റനിസം നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പ്രൊട്ടസ്റ്റന്റ് ആരാധന ക്രമങ്ങളിൽ റോമൻ കാത്തലിക് സ്വാധീനം പൂർണമായും നീക്കം ചെയ്യാനുള്ള ശ്രമങ്ങൾക്ക് പ്യൂരിറ്റനിസം ഊന്നൽ നല്കി.

7. മാർട്ടിൻ ലൂഥറിന്റെ ദൈവശാസ്ത്രത്തെ പിന്തുടരുന്ന പ്രൊട്ടസ്റ്റന്റിസത്തിന്റെ ശാഖയാണ് ലൂഥറനിസം എന്നറിയപ്പെടുന്നത്. മതപരമായ എല്ലാ കാര്യങ്ങളിലും വിശുദ്ധഗ്രന്ഥമാണ് അന്തിമം എന്ന ആശയം ലൂഥറനിസത്തിന്റെ പ്രധാന തത്വങ്ങളിലൊന്നാണ്.

8. 1439–1440 കാലഘട്ടത്തിലാണ് ജർമ്മനിയിൽ ജോഹന്നാസ് ഗുട്ടൻബർഗിന്റെ നേതൃത്വത്തിൽ ചലിക്കുന്ന തരത്തിലുള്ള പ്രിന്റിംഗ് പ്രസ്സ് നിർമ്മിച്ചതെന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. 1439–ൽ ജർമ്മനിയിലെ സ്ട്രാസ്ബർഗ് നഗരത്തിൽ നടന്ന ഒരു കോടതി വ്യവഹാരരേഖയിലാണ് ജോഹന്നാസ് ഗുട്ടൻബർഗിനും കൂട്ടാളികൾക്കും വേണ്ടി പ്രസ്സിന്റെ നിർമ്മാണം നടത്തിയതിനെ സംബന്ധിച്ച ആദ്യ പരാമർശമുള്ളത്. ഈ കണ്ടുപിടുത്തം ലോകത്ത് അച്ചടിവിപ്ലവത്തിന് തുടക്കമിട്ടു. ഇതോടെ ചെലവുകുറഞ്ഞരീതിയിൽ പുസ്തകങ്ങളുടെ അച്ചടി സാധ്യമായി.

9. തൊഴിൽ, സമ്പത്ത്, ലാഭം എന്നിവയെ ചുറ്റിപ്പറ്റിയുള്ള ജീവിതത്തിന്റെ വ്യവസ്ഥാപിതഘടനയെ പരാമർശിക്കാൻ വെബെർ ഈ സംജ്ഞ ഉപയോഗിച്ചു. വെബെർ പറയുന്നതനുസരിച്ച് മുതലാളിത്തത്തിന്റെ ആത്മാവ് മോക്ഷത്തെ സംബന്ധിച്ച കാൽവിന്റെ ആശയങ്ങളെ പിന്തുടർന്ന് ഉണ്ടായതാണ്. കാൽവിന്റെ ആശയങ്ങൾ വ്യക്തിപരമായ ആത്മനിയന്ത്രണത്തിന് ഊന്നൽ നൽകുന്നവയായിരുന്നു. ആത്മനിയന്ത്രണം വ്യക്തികളുടെ സാമ്പത്തികവ്യവഹാരങ്ങളിൽ അനുകൂല പ്രതിഫലനങ്ങൾ സൃഷ്ടിച്ചു എന്ന് വെബെർ നിരീക്ഷിക്കുന്നു.

10. ഫ്രഞ്ച് പുരോഹിതനും പരിഷ്കർത്താവുമായ ജോൺ കാൽവിനുമായി ബന്ധപ്പെട്ട പ്രൊട്ടസ്റ്റന്റിസത്തിന്റെ ശാഖയാണ് കാൽവിനിസം എന്ന പേരിൽ അറിയപ്പെടുന്നത്. കാൽവിനിസം വിശ്വാസപരമായ എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ ഔന്നിത്യം ഊന്നിപ്പറയുന്നു.

11. പതിനേഴാം നൂറ്റാണ്ടിൽ, ലൂഥറിന്റെ അനുയായികൾക്കിടയിൽ രൂപംകൊണ്ട നവീകരണ പ്രസ്ഥാനമാണ് പിയറ്റിസം. മതപരമായ കാര്യങ്ങളിൽ വ്യക്തിപരമായ വിശ്വാസത്തിനും അതിലൂടെ സംഭവിക്കുന്ന പരിവർത്തനങ്ങൾക്കും ഇവർ കൂടുതൽ പ്രാധാന്യം നല്കുന്നു.

12. പതിനെട്ടാം നൂറ്റാണ്ടിൽ ആരംഭിച്ച ഈ മതപ്രസ്ഥാനം ചർച്ച് ഓഫ് ഇംഗ്ലണ്ടിനെ നവീകരിക്കാൻ ശ്രമിച്ചു. 18–ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സ്വയംഭരണാധികാരമുള്ള മറ്റൊരു ചർച്ചായി ഇവർ സ്വയം പ്രഖ്യാപിച്ചു.

13. പ്രൊട്ടസ്റ്റന്റ് ചിന്താധാരയുടെ അടിസ്ഥാനവിശ്വാസങ്ങൾ പങ്കിടുന്ന വിഭാഗമാണ് ബാപ്റ്റിസ്റ്റുകൾ. എന്നാൽ വിശ്വാസികളെ മാത്രമേ ജ്ഞാനസ്നാനം ചെയ്യിക്കാവൂ എന്നും, അത് കേവലം വെള്ളം തളിക്കലോ ഒഴിക്കലോ ആയി പരിമിതപ്പെടുത്താതെ പൂർണനിമജ്ജനമായി നിർവഹിക്കണമെന്നും ബാപ്റ്റിസ്റ്റുകൾ നിഷ്കർഷിക്കുന്നു.

Brentano, L. 1916. *Die Anfänge des Modernen Kapitalismus*. Munich: Akademie der Wissenschaften.

Felix Rachfahl's Review of The Protestant Ethic. 2001[1909]. In D. Chalcraft & A. Harrington (Eds.), *The Protestant Ethic Debate: Weber's Replies to His Critics, 1907–1910* (pp. 55-60). Liverpool: Liverpool University Press.

Karl Fischer's Review of The Protestant Ethic. 2001[1907]. In D. Chalcraft & A. Harrington (Eds.), The *Protestant Ethic Debate: Weber's Replies to His Critics, 1907-1910* (pp. 27–29), Liverpool: Liverpool University Press.

Luther, Martin. 1910. *Concerning Christian Liberty,* translated by R. S. Grignon. In The Harvard Classics. Vol. 36, ed. Charles Eliot. New York: Collier & Son.

MacCulloch, Diarmaid. 2005. *The Reformation: A History*. London: Penguin Books.

MacCulloch, Diarmaid. 2010. *A History of Christianity: The First Three Thousand Years*. London: Penguin Books.

Olin, John. 1993. *The Catholic Reformation: Savonarola to Ignatius Loyola*. New York: Fordham University Press.

Sombart, W. 1916. *Der Moderne Kapitalismus*. Leipzig: Duncker & Humblot.

Weber, Max. 2001[1930]. *The Protestant Ethic and the Spirit of Capitalism,* translated by Talcott Parsons. New York: Routledge.

Weber, Max. 1963. *The Sociology of Religion,* translated by Ephraim Fisshoff. Boston, MA: Beacon Press.

Weber, Max. 1968. *Economy and Society: An Outline of Interpretive Sociology*, 3 Volumes, edited by Guenther Roth and Claus Wittich. New York: Bedminster Press.